# വിവാഹ സംബന്ധമായ രണ്ട് സുപ്രധാന ഖുത്ബകൾ


## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
## ഖലീഫത്തുൽ മസീഹ് V

ايده الله تعالى بنصره العزيز



പ്രസാധനം:

നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാൻ

فَاٰمِنُوْا بِاللّٰہِ وَرَسُوْلِہٖ وَالنُّوْرِ الَّذِیْٓ اَنْزَلْنَاؕ
وَاللّٰہُ بِمَا تَعْمَلُوْنَ خَبِیْرٌ (التغابن:٩)

# വിവാഹസംബന്ധമായ രണ്ട് സുപ്രധാന ഖുത്ബകൾ


## ഹദ്റത് മിർസാ മസ്റൂർ അഹ്മദ്
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)



പ്രസാധനം

**നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാൻ**

**Vivaha samabandamaya randu supradhana khutbakal**
**(malayalam)**
Two Important Sermons regarding Matrimonial Matters

**By Hadhrath Mirza Masroor Ahmad** [atba].
Khalifatul Masih V[th]

Malayalam Translation by:
Mohammed Ismail Alleppey
T.M.Abdul Mujeeb
N.Shafeeq Ahmad

Copies : 1000/Sept 2021

Printed at: Fazle Umar Printing Press Qadian

Published by: Nazarat Nashr-o-Isha'at Qadian -143516
Distt:Gurdaspur, Punjab, India

# പ്രസാധകകുറിപ്പ്

നസാറത്ത് ഇസ്‌ലാഹോ ഇർശാദ് മർക്കസിയ്യയുടെ അഭിപ്രായപ്രകാരം 'മജ്‌ലിസ് ശൂറാ 2019' ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് V(അയ്യദഹുല്ലാഹ്)യുടെ 24/12/2004 , 15/01/2010 എന്നീ തിയ്യതികളിലെ ജുമുഅ ഖുത്‌ബകൾ പ്രസിദ്ധീകരിക്കാൻ അനുമതിക്കു വേണ്ടി ഹുസൂർ തിരുമനസിന്റെ സവിധത്തിൽ ശുപാർശ ചെയ്യുകയുണ്ടായി.

ഹുസൂർ തിരുമനസ്സിന്റെ അനുമതിയോടു കൂടി രണ്ട് ജുമുആ ഖുത്‌ബകളും പ്രസിദ്ധീകരിക്കുകയാണ്.

ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹകരിച്ച എല്ലാവർക്കും അല്ലാഹു തക്കതായ പ്രതിഫലം നല്കുമാറാകട്ടെ. ഈ ലഘുലേഖ ജമാഅത്തിന്റെ ശിക്ഷണത്തിൽ പ്രയോജനപ്രദമാകുമാറാകട്ടെ. ആമീൻ

ഹദ്റത് ഖലീഫത്തുൽ മസീഹ് V (അയ്യദഹുല്ലാഹ്) പാരീസിലെ (ഫ്രാൻസ്)
ബയ്ത്തുസ്സലാം മസ്ജിദിൽ 2004 ഡിസംബർ 24 നു നിർവഹിച്ച ജുമുഅ ഖുത്ബ

# വിവാഹബന്ധങ്ങൾ സംബന്ധിച്ച പ്രശ്നങ്ങളും ഖുർആനിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മാർഗദർശനവും

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

وَاَنْكِحُوا الْاَيَامٰى مِنْكُمْ وَالصّٰلِحِيْنَ مِنْ عِبَادِكُمْ وَاِمَآئِكُمْ ؕ اِنْ يَّكُوْنُوْا فُقَرَآءَ يُغْنِهِمُ اللّٰهُ مِنْ
فَضْلِهٖ ؕ وَاللّٰهُ وَاسِعٌ عَلِيْمٌ (24:33)

ധാരാളം വിവാഹപ്രശ്നങ്ങൾ ഈയിടെയായി മുന്നിൽ വരുന്നുണ്ട്. നിത്യവും വരുന്ന കത്തുകളിൽ അതിന്റെ പ്രതിപാദനമുണ്ട്. പെൺകുട്ടികളിൽനിന്നും സ്ത്രീകളിൽനിന്നും വരുന്ന പെൺകുട്ടികളുടെ വിവാഹത്തെ സംബന്ധിച്ച പ്രശ്നങ്ങളും സാമ്പത്തിക ശേഷി കുറഞ്ഞ പെൺകുട്ടികളുടെയോ ആൺകുട്ടികളുടെയോ വിവാഹ പ്രശ്നങ്ങളും വിധവകളെ വിവാഹം കഴിപ്പിക്കുന്നതിനെ സംബന്ധിച്ച പ്രശ്നങ്ങളുമുണ്ട്. വിവാഹം കഴിപ്പിച്ചയക്കേണ്ട പ്രായത്തിലുള്ള വിധവകളുണ്ട്. അല്ലെങ്കിൽ സ്വന്തം സുരക്ഷിതത്വത്തിനായി വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന വിധവകളുണ്ട്. പക്ഷേ, ഇത്തരം വിധവകൾ ചില ഘട്ടങ്ങളിൽ സമൂഹത്തിന്റെ നോട്ടം കാരണത്താൽ ഭയപ്പെടുന്നവരാണ്. അതുകൊണ്ട് തങ്ങൾക്ക് വിവാഹം അത്യാവശ്യമാണെന്ന് മനസ്സിലാക്കിയിട്ടും അവർ വിവാഹത്തിന് തയ്യാറാകുന്നില്ല. എന്തായാലും വിവിധ വിഭാഗക്കാർക്ക് അവരവരുടേതായ ഓരോ പ്രശ്നങ്ങളുണ്ട്. നമ്മുടെ ചില പൗരസ്ത്യനാടുകളിൽ സ്ത്രീ വിധവയായാൽ രണ്ടാമത് വിവാഹം കഴിക്കുന്നത് അങ്ങേയറ്റം മോശമായി കരുതപ്പെടുന്നു. എന്നല്ല,

അത് പാപമായി കരുതുകയും ചെയ്യുന്നു. ഞാൻ പറഞ്ഞതുപോലെ തങ്ങളുടെ അവസ്ഥകൾ കാരണത്താൽ ചില പാവം വിധവകൾ വിവാഹം കഴിക്കാനാഗ്രഹിക്കുമ്പോൾ–ചിലപ്പോൾ ബന്ധം ഉറപ്പിച്ചിട്ടുമുണ്ടാകും–അവരുടെ ബന്ധുക്കൾ അതിനെ വൻപാപമായി മനസ്സിലാക്കുന്നു. അവരെ സംബന്ധിച്ച് പല അപവാദങ്ങളും പറഞ്ഞുപരത്തുന്നു. അവളുടെ ജീവിതംതന്നെ അങ്ങേയറ്റം മടുപ്പുള്ളതാക്കിത്തീർക്കുന്നു. ഇവിടെ യൂറോപ്പിൽ വന്നിട്ട് മറ്റുകാര്യങ്ങളിൽ സുന്ദരാത്മകമായ ഭാവനയുടെ പേരുപറഞ്ഞ് ഒരുപാട് കാര്യങ്ങളിൽ കുടുങ്ങിപ്പോകുന്നവരാണ് ഇവരെന്ന് ഓർക്കുമ്പോഴാണ് അത്ഭുതം തോന്നുന്നത്. അവരുടെ പ്രവർത്തനങ്ങളിൽ ചിലതാണെങ്കിൽ ഇസ്ലാം അനുവദിക്കുന്നതുപോലുമല്ല. പക്ഷേ, വിധവകളെ വിവാഹം കഴിപ്പിച്ചയക്കുക എന്ന അല്ലാഹുവിന്റെ കല്പനയെക്കുറിച്ച് വലിയ ഈർഷ്യ അവർ കാണിച്ചുകൊണ്ടിരിക്കുന്നു.

ഞാനോതിയ വചനത്തിൽ, നിങ്ങളിൽനിന്നുള്ള വിധവകളേയും വിവാഹം ചെയ്യിക്കുക എന്ന് അല്ലാഹു പറയുന്നു. ഇപ്രകാരംതന്നെ നിങ്ങളിൽ ആൺ അടിമകളിൽനിന്നും പെൺ അടിമകളിൽ നിന്നുള്ള നല്ലവരേയും നിങ്ങൾ വിവാഹം ചെയ്യിക്കുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്താൽ അവരെ സമ്പന്നരാക്കും. അല്ലാഹു വളരെ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു. ഇതാകുന്നു അല്ലാഹുവിന്റെ കല്പന. ഇതനുസരിച്ച് എല്ലാവരും പ്രവർത്തിക്കേണ്ടതാണ്. സമൂഹത്തിൽ നന്മകൾക്ക് പ്രചാരം നല്കണമെങ്കിൽ സമൂഹത്തിലെ വിവാഹത്തിന്നർഹരായ വിധവകളെയും വിവാഹം കഴിപ്പിക്കാൻ പരിശ്രമിക്കേണ്ടതാണ്. എന്നല്ല തിന്മ പരക്കാതിരിക്കാൻ, അക്കാലത്തുണ്ടായിരുന്ന ആൺ അടിമകളിൽ നിന്നും പെൺ അടിമകളിൽ നിന്നുമുള്ള നല്ലവരായ ആളുകളെക്കൊണ്ടും വിവാഹം ചെയ്യിക്കാനും കല്പിച്ചിരിക്കുന്നു. ദരിദ്രരായ ഇവരും നിരാശയ്ക്കിരയാകാൻ പാടില്ല. വിവാഹനിയമത്തിന് കീഴ്പ്പെടുന്നതിനുള്ള കല്പനയാണിത്. ഇക്കാലത്ത് അടിമകളില്ല. എന്നാൽ, നിരവധി രാഷ്ട്രങ്ങളിൽ ദാരിദ്ര്യമുണ്ട്. ദാരിദ്ര്യം നിമിത്തം വിവാഹം നടക്കുന്നില്ലെങ്കിൽ, ജമാഅത്ത് അവരെ സഹായിക്കാറുമുണ്ട്. വ്യക്തിഗതമായ നിലയിലും ചിലർ സഹായിക്കാറുണ്ട്. സഹായിക്കേണ്ടതുമാണ്. അവർ ദരിദ്ര്യ

രായതുകൊണ്ട് വിവാഹം കഴിപ്പിക്കേണ്ടെന്ന് നിങ്ങൾ മനസ്സിലാക്കരുതെന്ന് പറഞ്ഞിരിക്കുന്നു. പുരുഷൻ ജോലി ചെയ്യുന്നില്ല. അല്ലെങ്കിൽ അയാൾക്ക് തൊഴിലില്ല. അല്ലെങ്കിൽ സമ്പാദനത്തിനുള്ള വലിയ മാർഗമൊന്നും ഇല്ലെന്നിരുന്നാലും അയാളെക്കൊണ്ട് വിവാഹം കഴിപ്പിക്കേണ്ടതാണ്. അത്തരമാളുകൾക്ക് ഉദ്യോഗമോ ജോലിയോ വാങ്ങിക്കൊടുക്കാൻ ശ്രമിക്കുക എന്ന ഒരേർപ്പാടും ജമാഅത്തിൽ നിലവിലുണ്ട്. അങ്ങനെ ചെയ്യേണ്ടതുമാണ്. ഇല്ലാമാശാഅല്ലാഹ്, അത്തരം പരിശ്രമങ്ങൾ ഉണ്ടാകുമ്പോൾ, അല്പം ചിലരൊഴികെ അധികമാളുകളും വിവാഹത്തിനുശേഷം, ഭാര്യാമക്കളെ നോക്കണമെന്നും അതുകൊണ്ട് എന്തെങ്കിലും ജോലിയെടുക്കണമെന്നുള്ള ബോധമുള്ളവരായിത്തീരുന്നു. എന്നല്ല, മിക്ക ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാരെ ഇതിന് പ്രേരിപ്പിക്കുന്നവരുമായിരിക്കും. ഭാര്യയുടെ സമ്മർദ്ദമുണ്ടാകുമ്പോൾ ജോലിക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയുണ്ടാകും. ഇങ്ങനെ വിവാഹത്തിനുശേഷം അവസ്ഥകൾ മെച്ചപ്പെട്ടവരുടെ ഒരുപാടുദാഹരണങ്ങളുണ്ട്. ഈ അവസ്ഥ ഉണ്ടാക്കുക എന്നത് അല്ലാഹു തന്റെ ജോലിയാണെന്ന് സ്വയം പറയുന്നു. ഒരാളുടെ അവസ്ഥയെന്താണെന്ന് അവന് നന്നായിട്ടറിയാം. വിധവകളാണെങ്കിലും ദരിദ്രരാണെങ്കിലും അവരെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ ശ്രമിക്കുക എന്നത് സമൂഹത്തിന്റെ പ്രവൃത്തിയാണ്. ഇപ്രകാരം സമൂഹം നിരവധി ദൂഷ്യങ്ങളിൽ നിന്ന് പരിശുദ്ധമായിത്തീരും; സുരക്ഷിതമായിത്തീരും. ഞാൻ പറഞ്ഞത് പോലെ വിധവകളിൽ അധികമാളുകളും തങ്ങളുടെ വിവാഹം നടന്നിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നവരാണ്. ഭർത്താവിന്റെ മരണത്തിനുശേഷം ജീവിതപ്രശ്നങ്ങൾക്കൊണ്ട് നട്ടം തിരിയുന്നവരും അവരിൽ ഒരുപാടുണ്ട്. സമൂഹത്തിലെ പ്രശ്നങ്ങൾക്കൊണ്ടും അവർ വിഷമിക്കുന്നു. അത്തരം സാഹചര്യത്തിൽ ഏതെങ്കിലും ആശ്രയം കിട്ടുക എന്നത് അവരുടെ ആഗ്രഹമാണ്. നിതാന്തമായ ബുദ്ധിമുട്ടുകളിൽനിന്ന് മോചനമുണ്ടാകുക എന്നത് അവരുടെ ആഗ്രഹമാണ്. അതുകൊണ്ടാണ്, പരിശുദ്ധമായ സമൂഹം നിലനില്ക്കുന്നതിനും അവരുടെ വ്യക്തിഗതമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പൂർണമായും പരിശ്രമിക്കുക എന്ന് പറഞ്ഞിട്ടുള്ളത്. അതായത് അവരെ വിവാഹം കഴിപ്പിക്കുക.

ഇതാണ് അല്ലാഹുവിന്റെ കല്പന. ചില സമൂഹങ്ങൾ ഞാൻ

പറഞ്ഞതുപോലെ ഇതിനെ വെറുക്കുന്നു. ഇസ്‌ലാമിക സമൂഹ മാണെന്നും അഹ്മദീ സമൂഹമാണെന്നും അവകാശപ്പെടുന്ന ചി ലരും ഇതിനെ വെറുക്കുന്നുണ്ട്. അല്ലാഹുവിന്റെ കല്പനയ്ക്കെതി രിൽ, നമ്മുടെ നാട്ടുനടപ്പുകൾ അതായത് മറ്റു മതങ്ങളിൽ നിന്നോ അല്ലെങ്കിൽ അമുസ്‌ലിമീങ്ങളിൽ നിന്നോ വികലപ്പെട്ട് മതത്തിന്റെ ഭാഗമായിക്കൊണ്ട് നമ്മുടെ ഉള്ളിൽ വേരു പിടിച്ചുകൊണ്ടിരിക്കുന്ന, നമ്മുടെ ഉള്ളിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്ന ഇത്തരം കാര്യങ്ങളെ ഓരോ അഹ്മദിയും പുറത്തേക്ക് വലിച്ചെറിയേണ്ടതാണ്.

ഭർത്താവ് മരിച്ചതിനുശേഷം ഇദ്ദയുടെ കാലമായ നാലുമാസവും പത്തുദിവസവും കഴിഞ്ഞ് സ്വന്തം ഇഷ്ടത്താൽ ആരെങ്കിലുമായി വി വാഹം കഴിക്കാനാഗ്രഹിച്ചാൽ വിവാഹം കഴിച്ചുകൊള്ളാൻ അല്ലാ ഹു വിധവകൾക്ക് അനുവാദം നല്കുന്നു. അതിൽ കുറ്റമൊന്നുമില്ല. ആരിലെങ്കിലും നിന്ന് വിധി തേടേണ്ടതോ അല്ലെങ്കിൽ ഏതെങ്കിലും വലിയ ആളോട് ചോദിക്കേണ്ടതോ ആയ ഒരാവശ്യവുമില്ല. നല്ല രീതിയനുസരിച്ച് വിവാഹം ഉറപ്പിക്കണമെന്ന നിബന്ധനമാത്രമെ അതിനുള്ളൂ. വിവാഹം നടക്കാൻ പോകുന്നുവെന്ന് സമൂഹം അറി യണം. എന്നാൽ, പിന്നെ കുറ്റമൊന്നുമില്ല. വിധവകൾക്ക് തങ്ങളെ സംബന്ധിച്ച്. തങ്ങളുടെ ഭാവിയെ സംബന്ധിച്ച് സ്വയം തീരുമാന മെടുക്കാൻ അധികാരം നല്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ, അനു വാദമുണ്ട്. നിങ്ങൾ അനാവശ്യമായി അതിൽ തടസ്സം സൃഷ്ടിക്കാൻ ശ്രമിക്കരുതെന്നും നിങ്ങളുടെ ബന്ധത്തിന്റെ യശസ്സ് പറയാൻ ശ്രമിക്കരുതെന്നും സമൂഹത്തോടു പറഞ്ഞിരിക്കുന്നു. ഈ വിധവ കളുടെ വിവാഹ ബന്ധം അനുവദനീയവും നല്ലതുമായ നിലയിൽ നടക്കുകയാണെങ്കിൽ, അല്ലാഹു അതിന് അനുവാദം നല്കുന്നു. നിങ്ങളുടെമേൽ അതിൽ ഒരു കുറ്റവുമില്ല. നിങ്ങൾ നിങ്ങളെ കു ടുംബത്തിലെ വലിയയാളെന്ന് കരുതി, അല്ലെങ്കിൽ തറവാടിത്തം പറഞ്ഞുകൊണ്ട് ഈ ബന്ധം ശരിയല്ലെന്ന് പറഞ്ഞ് തടസ്സമുണ്ടാ ക്കരുത്. അങ്ങനെ ഉണ്ടാകാൻ പാടില്ല. അല്ലെങ്കിൽ അങ്ങനെ ചെയ്യുന്നത് ശരിയല്ല. വിധവയ്ക്ക് സ്വയം തീരുമാനമെടുക്കാൻ അധികാരമുണ്ട്. നിങ്ങൾ എല്ലാത്തരം ബാധ്യസ്ഥതകളിൽനിന്ന് സ്വതന്ത്രരാണ്. അല്ലാഹു നിങ്ങളുടെ മനസ്സും അറിയുന്നു. ഏതെ ങ്കിലും കാരണത്താൽ സദുദ്ദേശ്യത്തോടെ ഈ ബന്ധം നടക്കാൻ പാടില്ലെന്ന് നിങ്ങൾക്ക് തോന്നിയാൽ അവരെ ധരിപ്പിച്ചുകൊണ്ട് പി

ന്മാറുക. തീരുമാനമെടുക്കാനുള്ള അധികാരം വിധവയ്ക്കുതന്നെ വിട്ടുകൊടുക്കുക. നിങ്ങളുടെ മനസ്സിലുള്ളത് അല്ലാഹു അറിയുന്നു. നിങ്ങളുടെ ഉദ്ദേശ്യം അവനറിയാം. നിങ്ങൾ എന്തായാലും ചോദ്യം ചെയ്യപ്പെടുകയില്ല. സദുദ്ദേശ്യമാണെങ്കിൽ അതിനുള്ള പ്രതിഫലം നിങ്ങൾക്കു കിട്ടുകയും ചെയ്യും.

وَ الَّذِيْنَ يُتَوَفَّوْنَ مِنْكُمْ وَ يَذَرُوْنَ اَزْوَاجًا يَّتَرَبَّصْنَ بِاَنْفُسِهِنَّ اَرْبَعَةَ اَشْهُرٍ وَّ عَشْرًا ۚ فَاِذَا بَلَغْنَ اَجَلَهُنَّ فَلَا جُنَاحَ عَلَيْكُمْ فِيْمَا فَعَلْنَ فِيْۤ اَنْفُسِهِنَّ بِالْمَعْرُوْفِ ؕ وَاللّٰهُ بِمَا تَعْمَلُوْنَ خَبِيْرٌ

*നിങ്ങളിൽനിന്ന് മരണമടയുന്നവരുടെ ശേഷിച്ചിരിക്കുന്ന ഭാര്യമാർ സ്വയം നിയന്ത്രിച്ചു നാലുമാസവും പത്തു ദിവസവും ദീക്ഷയനുഷ്ഠിക്കേണ്ടതാണ്. അങ്ങനെ അവർ തങ്ങളുടെ അവധി പൂർത്തിയാക്കിക്കഴിഞ്ഞാൽ ന്യായമായ നിലയിൽ സ്വന്തം കാര്യത്തിൽ അവർ എന്തെങ്കിലും പ്രവർത്തിക്കുന്നതിൽ നിങ്ങൾക്കു കുറ്റമൊന്നുമില്ല. നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു സൂക്ഷ്മമായി അറിയുന്നവനത്രെ.* (2:235)

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതു സംബന്ധമായി പറയുന്നു: 'കന്യകയെ വിവാഹം കഴിപ്പിക്കുക എന്ന കല്പന പോലെതന്നെയാണ് വിധവയെ വിവാഹം കഴിപ്പിക്കുക എന്ന കല്പനയും. ചില ജനതകൾ വിധവയുടെ വിവാഹം മാന്യതയ്ക്കു വിരുദ്ധമാണെന്ന് കരുതുന്നു. ഇത്തരം ദുശ്ചിന്തകൾ വളരെ വ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് വിധവയുടെ വിവാഹം കഴിപ്പിക്കാൻ കല്പനയുണ്ടായത്. എന്നാൽ, ഇതിന്റെ അർഥം എല്ലാ വിധവകളെയും പിടിച്ച് വിവാഹം കഴിപ്പിക്കുക എന്നല്ല. വിവാഹത്തിന്നർഹരായവരുടെ വിവാഹമാണ് നടക്കേണ്ടത്. ആർക്കാണോ വിവാഹം നിർബന്ധം അവർക്കാണ് വിവാഹം. ചിലർ വാർധക്യത്തിലും വിധവകളാകാറുണ്ട്. ചിലരെ സംബന്ധിച്ച് മറ്റു പരിതഃസ്ഥിതികൾ വിവാഹത്തിന് ചേർന്നതായിരിക്കുകയില്ല. ഉദാഹരണത്തിന്, വിവാഹിതയാകാൻ പറ്റാത്ത രോഗിണിയാണെങ്കിൽ, അല്ലെങ്കിൽ ഒരുപാടു മക്കളും, അധികമായ ബന്ധങ്ങളും കാരണത്താൽ രണ്ടാമതൊരു ഭർത്താവിനെ സ്വീകരിക്കാൻ മടിയുള്ളവൾ. അത്തരം സന്ദർഭങ്ങളിൽ സ്ത്രീയുടെമേൽ അനാവശ്യമായി സമ്മർദ്ദം ചെലുത്തി വിവാഹം കഴിപ്പിക്കുകയെന്നത് നിർബന്ധമല്ല. വിധവയായ സ്ത്രീയെ ജീവിതകാലം മുഴുവൻ വിവാഹം കഴിപ്പിക്കാതെ ബലാൽക്കാരമായി വയ്ക്കുന്ന

ദുസ്സമ്പ്രദായത്തെ ഉന്മൂലനം ചെയ്യേണ്ടതാണ്. (മൽഫൂദാത്ത്. വാള്യം 5 പേജ് 320, ബദ്ർ ഒക്ടോബർ 10 1907)

അവിടന്ന് ഇതിനെ വ്യക്തമാക്കി. കൂടുതൽ തുറന്ന നിലയിൽ വിശദീകരിച്ചു: 'കന്യകയേയും യുവതിയേയും നിങ്ങൾ വിവാഹം കഴിച്ചയക്കാൻ പരിശ്രമിക്കുന്നതുപോലെ വിവാഹത്തിന് യോഗ്യയായ വിധവയേയും വിവാഹം കഴിച്ചയക്കാൻ ശ്രമിക്കേണ്ടതാണെന്ന് സമൂഹത്തോടും ബന്ധുക്കളോടും കല്പിച്ചിരിക്കുന്നു. ഇതു നിങ്ങൾക്ക് അപമാനമല്ല. മറിച്ച് അതിലാണ് നിങ്ങൾക്ക് അഭിമാനം. മറ്റൊരു കാര്യം, പ്രായം കൂടിയകാരണത്താലോ കുട്ടികൾ കൂടുതലുള്ളകാരണത്താലോ, അല്ലെങ്കിൽ സ്വന്തമായ മറ്റെന്തെങ്കിലും കാരണത്താലോ അല്ലെങ്കിൽ വല്ല രോഗവും കാരണത്താലോ വിവാഹം കഴിക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ, ആ തീരുമാനം എടുക്കേണ്ടതും അവരുടെ തന്നെ ജോലിയാണ്. നിങ്ങൾ ഒരു അഭിപ്രായം പറഞ്ഞ് പിന്മാറുക. എന്നാലത് വിവാഹം ചെയ്യിക്കുന്നതിനായിരിക്കണം, അല്ലാതെ തടസ്സപ്പെടുത്തുന്നതിനാകരുത്. വിവാഹം വേണോ വേണ്ടേ എന്ന് തീരുമാനിക്കേണ്ടത് അവരാണ്. അത് അവരുടെ അവകാശമാണ്. അതുകൊണ്ട് ഒരവസ്ഥയിലും നിർബന്ധിക്കാൻ പാടില്ല. വിധവയെ ബലാൽക്കാരമായി ജീവിതാവസാനം വരെ വിധവയാക്കിത്തന്നെ ഇരുത്താനോ വിധവയായിത്തന്നെ ഇരുന്നുകൊള്ളാൻ പറയാനോ സമൂഹത്തിനോ ബന്ധുക്കൾക്കോ ഒരവകാശവുമില്ല. സ്വന്തമിഷ്ടത്താൽ ആരെങ്കിലും വിവാഹം കഴിക്കാനാഗ്രഹിക്കുന്നെങ്കിൽ ഖുർആനിന്റെ കല്പനയനുസരിച്ച് അവരെ അതിന് അനുവദിക്കുക. ഏതെങ്കിലും വിധവയെ വിവാഹത്തിൽ നിന്ന് തടയുന്നത് അപരിഷ്കൃതവും നീചവുമായ ആചാരമാണ്. അതിനെ നിങ്ങളുടെ ഉള്ളിൽനിന്ന് അവസാനിപ്പിക്കുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് അലി ബിൻ അബീത്വാലിബ്(റ) നിവേദനം. നബി(സ)തിരുമേനി അദ്ദേഹത്തോടു മൂന്നുതവണ പറഞ്ഞു; 'അലീ! നമസ്കാരത്തിന് സമയമായാൽ പിന്നെ വൈകിക്കരുത്. ഇപ്രകാരംതന്നെ ജനാസ മുമ്പിൽ കൊണ്ടുവന്നാൽ താമസിപ്പിക്കരുത്. സ്ത്രീ വിധവയായാൽ അവൾക്ക് അനുയോജ്യനായ വരനെ കിട്ടിയാൽ അതിൽ താമസം വരുത്തുകയുമരുത്.' (തിർമിദി, കിതാബുസ്സ്വലാത്ത്, ബാബു ഫിൽവഖ്ത്തിൽ അവ്വൽ)

ഇതിൽ മനുഷ്യരുമായി ബന്ധം വയ്ക്കുന്ന രണ്ടുകാര്യങ്ങളെ അവിടന്ന് ഇബാദത്ത് അഥവാ ആരാധനയോടൊപ്പം ചേർത്ത് പറഞ്ഞിരിക്കുകയാണ്. നമസ്കാരം, അതു അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടലാണ്. അവനെ ആരാധിക്കൽ നിർബന്ധമാണ്. ആരാധിക്കുന്നതിനുവേണ്ടി മാത്രമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അത് നിശ്ചിതസമയങ്ങളിൽ അനുഷ്ഠിക്കണമെന്ന് കല്പിച്ചിരിക്കുന്നു. ആ നിശ്ചിതസമയം വന്നാൽ പിന്നെ താമസിപ്പിക്കരുത്. അതിലാണ് നമ്മുടെ നന്മ നിലകൊള്ളുന്നത്. അല്ലാഹു തആല ആരാധനയ്ക്കായി നിശ്ചയിച്ചിട്ടുള്ള സമയത്ത് അതു നിർവഹിക്കുമ്പോഴാണ് പരിശുദ്ധമായ സമൂഹവും നിലനില്ക്കുന്നത്. അതിനുശേഷം പറഞ്ഞത് ജനാസയെക്കുറിച്ചാണ്. ആരെങ്കിലും മരണപ്പെട്ടാൽ അയാളെ മറയടക്കുന്നതിൽ ധൃതി കാണിക്കേണ്ടതാണ്. മരിച്ചയാളിന്റെ അന്തസ്സും അതിൽ തന്നെയാണ്. ഖബറക്കം വൈകിക്കുമ്പോൾ ചില കുടുംബങ്ങളിൽ ചില പ്രശ്നങ്ങളും തലപൊക്കും. അതുകൊണ്ട് ഉടനടി മറയടക്കുക. പിന്നീട് പറഞ്ഞു: സ്ത്രീ വിധവയായാൽ, അവൾ വിവാഹം കഴിപ്പിച്ചയക്കുന്നതിന് യോഗ്യയാണെങ്കിൽ, അവൾക്ക് ചേരുന്നതും ഉചിതവുമായ ബന്ധം കിട്ടിയാൽ, സമൂഹത്തിൽ അവൾക്കുള്ള സ്ഥാനമനുസരിച്ചും കുടുംബപരമായ നിലയിലും നല്ല ബന്ധമാണെങ്കിൽ, അവൾ ആ ബന്ധത്തെ ഇഷ്ടപ്പെടുകയാണെങ്കിൽ ബന്ധുക്കൾ അതിന് തടസ്സം നില്ക്കരുത്. എന്നല്ല ശരിയായ നടപടി എത്രയും വേഗം അവളെ വിവാഹം കഴിപ്പിക്കുക എന്നതാണ്. അങ്ങനെയും പരിശുദ്ധമായ സമൂഹം സ്ഥാപിതമാകുന്നതാണ്. വിധവയായ കാരണത്താൽ സമൂഹത്തിൽനിന്ന് നേരിടേണ്ടി വരുന്ന നിരവധി വിഷമങ്ങളിൽനിന്ന് സ്ത്രീയും രക്ഷപ്പെടുന്നതാണ്. വിധവയ്ക്ക് സ്വന്തം അധികാരവും നല്കപ്പെട്ടിരിക്കുന്നു. അനുവദനീയമായ നിലയിൽ അവൾക്കുതന്നെയും വിവാഹബന്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്താവുന്നതാണ്. അത് വിശുദ്ധ ഖുർആനിൽനിന്ന് തെളിയുന്ന കാര്യമാണ്. തന്നെ സ്വയം സംരക്ഷിക്കുന്നതിനുവേണ്ടിയുമാണിത്.

ഈ അധികാരത്തെ സംബന്ധിച്ച് നബി (സ) വിശദീകരിച്ച് ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ഇബ്നു അബ്ബാസ്(റ) നിവേദനം. നബി (സ) തിരുമേനി പറഞ്ഞു: വിവാഹ കാര്യത്തിൽ സ്വയം തീരുമാനമെടുക്കുന്നതിൽ വിധവ തന്റെ വലിയെക്കാളധികം അവകാശമുള്ളവ

ളാണ്. കന്യകയിൽനിന്ന് സമ്മതം എടുക്കപ്പെടുന്നതായിരിക്കും. അവളുടെ മൗനം സമ്മതമായി ഗണിക്കപ്പെടുന്നതായിരിക്കും. (സുനൻ അദ്ദാരിമീ, കിതാബുന്നിക്കാഹ്)

വിധവയുടെ അവകാശം എന്തായാലും ഉയർന്നതാണെന്ന് വ്യക്തമായി. പക്ഷേ, കന്യകയെ സംബന്ധിച്ചിടത്തോളമുള്ള നിബന്ധന അവളുടെ 'വലി'അവളെക്കുറിച്ച് തീരുമാനിക്കുക എന്നതാണ്. അതെന്തുകൊണ്ടെന്നാൽ, അല്ലാഹുവിന്റെ കല്പനകൾ വാസ്തവത്തിൽ, സമൂഹത്തിൽ നന്മയും സമാധാനവും സൃഷ്ടിക്കുന്നതിനായുള്ളതാണ്. വിധവ അനുഭവത്തിലൂടെ കാര്യങ്ങൾ മനസിലാക്കിയവളാണ്. ലോകത്തിന്റെ ഉയർച്ചയും താഴ്ചയും കണ്ടവളാണ്. ഇല്ലാ മാശാ അല്ലാഹ് (അപൂർവം ചിലർക്കൊഴികെ ബാക്കിയുള്ളവർക്കെല്ലാം)ചിന്തിച്ചും മനസ്സിലാക്കിയും തീരുമാനമെടുക്കാൻ കഴിയും. അതുകൊണ്ടാണ് അവർക്ക് ഈ അധികാരം നല്കിയത്. എന്നാൽ, കന്യക ചിലപ്പോൾ തന്റെ അറിവില്ലായ്മയാൽ തെറ്റായ തീരുമാനമെടുക്കാനിടയുണ്ട്. അതുകൊണ്ടാണ് അവളുടെ വിവാഹബന്ധം ഉറപ്പിക്കുന്നതിന്റെ അധികാരം അവളുടെ വലിയ്ക്ക് നല്കപ്പെട്ടിരിക്കുന്നത്. ഇനി, അവൾക്ക് വലിയുടെയോ പിതാവിന്റെയോ തീരുമാനത്തോട് വിയോജിപ്പുണ്ടെങ്കിൽ, അതിൽ അവൾ സംതൃപ്തയല്ലെങ്കിൽ ജമാഅത്തിനോട് അകാര്യം പറയാനും തീരുമാനം എടുപ്പിക്കാനും അവകാശം നല്കപ്പെട്ടിട്ടുണ്ട്. എന്നാൽ, സ്വയം പ്രവർത്തിക്കാനുള്ള അനുവാദമില്ല. സ്വയം പ്രവർത്തിക്കാനുള്ള അനുവാദം കൊടുത്താൽ അതു മുഖേനയും സമൂഹത്തിൽ നേട്ടങ്ങളും ഗുണങ്ങളും ഉണ്ടാകുന്നതിനുപകരം കുഴപ്പവും കലഹവും ഉണ്ടാകാനിടയുണ്ട്. പലപ്പോഴും ഇത്തരം സംഭവങ്ങളുണ്ടായിട്ടുണ്ട്. ചില പെൺകുട്ടികൾ, തങ്ങളുടെ പിതാവ് ഇന്ന ബന്ധം ആഗ്രഹിക്കുന്നുവെന്നും എന്നാൽ, തങ്ങൾ അത് ഇഷ്ടപ്പെടുന്നില്ലെന്നും നബി(സ)യോടും പറയുകയുണ്ടായി. അത്തരം കേസ്സുകളിൽ നബി(സ)പെൺകുട്ടികൾക്കു അനുകൂലമായാണ് വിധി പറഞ്ഞിരുന്നത്.

ഒരിക്കൽ ഒരു പെൺകുട്ടി നബി(സ)തിരുമേനിയുടെ അടുക്കൽ വന്ന് വിവാഹ കാര്യത്തിൽ സ്ത്രീകൾക്ക് ഒരഭിപ്രായത്തിനും അവകാശമില്ലേ എന്നു ചോദിച്ചു. അവിടന്ന് പറഞ്ഞു:'തീർച്ചയായും ഉണ്ട്.' അവൾ പറഞ്ഞു: എന്റെ പിതാവ് എന്റെ വിവാഹം ഇന്ന

വൃദ്ധനുമായി ചെയ്യാനാഗ്രഹിക്കുന്നു. (ആഗ്രഹിച്ചുകൊണ്ടിരിക്കുകയോ, നടത്തുകയോ ചെയ്തു.) നബി(സ)പറഞ്ഞു: 'നിനക്ക് അനുവാദമുണ്ട്.' പക്ഷേ, ആ നല്ല സ്വഭാവക്കാരിയായ പെൺകുട്ടി പറഞ്ഞു: 'സ്ത്രീകളുടെ അവകാശം നിലനിറുത്താൻ മാത്രമാണ് ഞാൻ ആഗ്രഹിച്ചത്. എന്റെ പിതാവിന്റെ മനസ്സ് വേദനിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഞാൻ എന്റെ പിതാവിനെ അങ്ങേയറ്റം സ്നേഹിക്കുന്നു. ഈ ബന്ധത്തേയും ഞാനിഷ്ടപ്പെടുന്നു. പക്ഷേ, സ്ത്രീയുടെ അവകാശം നിലനില്ക്കേണ്ടതാണ്. അതിനു വേണ്ടിയാണ് ഞാൻ വന്നത്.'

പിന്നീടൊരിക്കൽ ഒരു പെൺകുട്ടി തന്റെ പിതാവ് നിശ്ചയിച്ച വിവാഹം (അത് അവളുടെ സമ്മതത്തോടെയല്ലായിരുന്നു)ഇല്ലാതാക്കി. നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാ ബിൻ അബ്ബാസ്(റ)വിവരിക്കുന്നു. ഒരു സ്ത്രീയുടെ ഭർത്താവ് മരിച്ചു. അയാൾക്ക് ഒരു കുട്ടിയുണ്ടായിരുന്നു. കുട്ടിയുടെ പിതൃസഹോദരൻ സ്ത്രീയുടെ ബാപ്പയോടു ആ വിധവയെ വിവാഹത്തിന് ചോദിച്ചു. സ്ത്രീയും സമ്മതം പ്രകടിപ്പിച്ചു. പക്ഷേ, പെൺകുട്ടിയുടെ ബാപ്പ അവളുടെ വിവാഹം അവളുടെ അനുവാദമില്ലാതെ മറ്റൊരു സ്ഥലത്ത് തീരുമാനിച്ചു. അപ്പോൾ ആ സ്ത്രീ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു പരാതിപ്പെട്ടു. നബി(സ)തിരുമേനി അവളുടെ പിതാവിനെ വിളിച്ച് കാര്യം ചോദിച്ചു. അവളുടെ പിതാവ് പറഞ്ഞു: അവളുടെ ഭർതൃസഹോദരനെക്കാൾ നല്ലതായ ഒരു ബന്ധമാണ് ഞാൻ ഉറപ്പിച്ചിട്ടുള്ളത്. നബി(സ) ബാപ്പ ഉറപ്പിച്ച വിവാഹ ബന്ധം വിച്ഛേദിച്ച് കുട്ടിയുടെ പിതാവിന്റെ അനുജനുമായി അവളുടെ ബന്ധം ഉറപ്പിച്ചു. (മുസ്നദ് അൽ ഇമാമുൽ അഅ്ളം, കിതാബുന്നികാഹ്)

ഇവിടെ വിധവയുടെ അവകാശമായിരുന്നു പ്രധാനപ്പെട്ടത്. മറ്റൊന്ന് സ്ത്രീയുടെ (പെൺകുട്ടി) ഇഷ്ടവും നോക്കേണ്ടതുണ്ടായിരുന്നു. എന്നാൽ, പെൺകുട്ടി എവിടെയാണോ ബന്ധം ഉറപ്പിക്കുന്നത്, അല്ലെങ്കിൽ എവിടെ വിവാഹം കഴിക്കാനാണോ ആഗ്രഹിക്കുന്നത് ആ ആൺകുട്ടി അഹ്മദിയാണോ എന്ന് അഹ്മദിയ്യാ ജമാഅത്ത് എന്തായാലും നോക്കിയിരിക്കും. കാരണം ഈ എല്ലാകാര്യങ്ങളുടെയും ഉദ്ദേശ്യം പരിശുദ്ധമായ സമൂഹം സ്ഥാപിക്കുക എന്നതാണ്. നന്മകൾ സ്ഥാപിക്കുകയെന്നതാണ്. നല്ല മക്കളെ സമ്പാദിക്കുക

എന്നതാണ്. അഹ്മദി ആൺകുട്ടികൾ അഹ്മദി പെൺകുട്ടികളെ ഉപേക്ഷിച്ചിട്ട് മറ്റുള്ളവരെ വിവാഹം കഴിക്കുകയാണെങ്കിൽ, സമൂഹത്തിലും കുടുംബത്തിലും കലഹങ്ങൾ ഉണ്ടാകുമോ എന്ന ആശങ്കയുണ്ട്. പുതിയ തലമുറ മതത്തിൽനിന്ന് വ്യതിചലിക്കുമോ എന്ന ശങ്കയുമുണ്ടാകും. അതുകൊണ്ട് ദീനിന്റെ കുഫു നോക്കേണ്ടതും നിർബന്ധമാണ്. നമ്മുടെ ആൺകുട്ടികളിലും പെൺകുട്ടികളിലും ചിലർക്ക് അന്യസമൂഹത്തിൽനിന്ന് വിവാഹം കഴിക്കണമെന്ന വലിയ താൽപര്യം കാണുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്; പ്രത്യേകിച്ച് ഈ സ്വതന്ത്രമായ സമൂഹത്തിൽ. സ്വന്തം ഇഷ്ടത്താൽ അന്യരിൽ, മറ്റുമതങ്ങളിൽ വിവാഹം ബന്ധം ഉറപ്പിക്കുന്ന കാരണത്താൽ ജമാഅത്തിനും ഇക്കാര്യത്തിലുള്ള ആശങ്ക ഒരുപാട് വർധിച്ചിട്ടുണ്ട്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. 'ഹദ്റത്ത് അബൂഹാതിം നിവേദനം. നബി (സ) തിരുമേനി പറഞ്ഞു: 'നിങ്ങൾ ഇഷ്ടപ്പെടുന്ന മതബോധവും സൽസ്വഭാവമുള്ള ഒരു വ്യക്തി നിങ്ങളുടെയടുക്കൽ വിവാഹാലോചനയുമായി വന്നാൽ നിങ്ങളത് സമ്മതിക്കുക. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഭൂമിയിൽ കുഴപ്പവും കലഹവും ഉണ്ടാകുന്നതാണ്. ചോദിക്കാൻ ആഗ്രഹിച്ചെങ്കിലും നബി (സ)തിരുമേനി മൂന്നു പ്രാവശ്യം ഇതുതന്നെ പറഞ്ഞുകൊണ്ടിരുന്നു. നിങ്ങൾ ഇഷ്ടപ്പെടുന്ന മതബോധവും സൽസ്വഭാവവുമുള്ള ഒരു വ്യക്തി നിങ്ങളുടെയടുക്കൽ വിവാഹാലോചനയുമായി വന്നാൽ നിങ്ങളത് സമ്മതിക്കുക. (തിർമിദി, കിതാബുന്നിക്കാഹ്)

മതബോധമുള്ള ആൺകുട്ടികളുമായി വിവാഹബന്ധം ഉറപ്പിക്കാൻ അവിടന്ന് പറഞ്ഞിരിക്കുന്നു. അയാൾക്ക് സാമ്പത്തികശേഷി കുറവാണെങ്കിൽപോലും മതവിശ്വാസത്തിൽ ഉറച്ചു നില്ക്കുന്ന കാരണത്താൽ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. അതുകൊണ്ട് പെൺകുട്ടികൾക്ക് വിവാഹാലോചന വന്നാൽ കൂടുതലിട്ട് ഉരുട്ടരുത്. മതവിശ്വാസം തൃപ്തികരമെങ്കിൽ വിവാഹം ഉറപ്പിക്കേണ്ടതാണ്. ഇപ്രകാരംതന്നെ, വിവാഹാലോചന നടക്കുന്നനേരത്ത് പെൺകുട്ടിയുടെ ബാഹ്യവും ഭൗതികവുമായ അവസ്ഥ നോക്കരുതെന്ന് നബി(സ)ആൺകുട്ടികളോട് പറഞ്ഞിരിക്കുന്നു. ധനസ്ഥിതി നോക്കാതിരിക്കുക, പ്രത്യുത അവളിൽ സൽഗുണങ്ങൾ എത്രയുണ്ടെന്ന് നോക്കുക.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഏതെങ്കിലും സ്ത്രീയെ വിവാഹം കഴിക്കുന്നതിന് അടിസ്ഥാനപരമായി നാലുകാര്യങ്ങൾ ഉണ്ടാകാനേ തരമുള്ളൂ. 1. അവളുടെ ധനം 2. കുലീനത 3. സൗന്ദര്യം 4. മതപരമായ ചിട്ട. മതപരമായ ചിട്ട പാലിക്കുന്നവളെ നീ കരസ്ഥമാക്കിക്കൊള്ളുക. അല്ലാത്തപക്ഷം നിനക്കത് നാശമായിരിക്കും. (ബുഖാരി)

വരും തലമുറ മതബോധമുള്ളവരായിത്തീരുന്നതിന് ബാഹ്യമായ ചുറ്റുപാടിലേക്ക് യഥാർഥത്തിൽ ഇവിടെ ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. സ്വന്തം വീടിന്റെ ചുറ്റുപാടുകൾ സമാധാന പൂർണമാക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ, ഉമ്മ സാത്വികയും മതബോധമുള്ളവളുമാണെങ്കിൽ പൊതുവെ കുട്ടികളും മതബോധമുള്ളവരായിരിക്കും. സാത്വികരും മതബോധമുള്ളവരുമായ മക്കളെക്കാൾ വലിയ സമ്പത്തില്ല. അത് മനുഷ്യന് സമാധാനം നല്കുന്നു. ഒരു സത്യവിശ്വാസിക്ക് സമൂഹത്തിൽ അന്തസ്സിന് കാരണം അവന്റെ സാത്വികരും മതബോധമുള്ളവരുമായ മക്കൾ തന്നെയാണ്. അതുകൊണ്ട് ഓരോ അഹ്മദിയും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. പെൺകുട്ടി നല്ലവളാണ്, മാന്യയാണ്, സൽസ്വഭാവിയാണ്, വിദ്യാഭ്യാസമുള്ളവളാണ്, ജമാഅത്തിയായ കാര്യങ്ങളിൽ പങ്കെടുക്കുന്നവളാണ്, പക്ഷേ, കാണാൻ അല്പം കുറവുണ്ട് അല്ലെങ്കിൽ നോക്കുന്നവളുടെ കണക്കനുസരിച്ച് പൊക്കം പോരാ, ആളുകൾ പെണ്ണിനെ കാണാൻ വരുന്നു, പോകുന്നു തുടങ്ങിയ പരാതികൾ ഇപ്പോൾ സാധാരണയായിക്കഴിഞ്ഞിരിക്കുന്നു. രൂപവും പൊക്കവുമൊക്കെ ചിത്രങ്ങളിലൂടെയും മറ്റുമാർഗങ്ങളിലൂടെയും അറിയാൻ കഴിയുന്നതാണെന്ന് ഞാൻ മുമ്പൊരിക്കലും പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെയുള്ള സ്ഥിതിയ്ക്ക് വീട്ടിൽ പോയി പെൺകുട്ടികളെ കാണുകയും അവരെ ബുദ്ധിമുട്ടിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യമെന്താണ്? അതുകൊണ്ടാണ് അത്തരം കാര്യങ്ങൾ നോക്കരുതെന്നും മതബോധം നോക്കുക എന്നും അല്ലാഹു കല്പിച്ചിരിക്കുന്നത്. നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു. നിങ്ങൾക്കു നിങ്ങളുടെ മക്കളെ നന്നായി നോക്കണമെങ്കിൽ, നിങ്ങൾ വിവാഹം കഴിക്കാനുദ്ദേശിക്കുന്ന പെൺകുട്ടിയുടെ തഖ്വ അഥവാ ദൈവഭക്തി നോക്കുക. പെൺകുട്ടിയുടെ ദൈവഭക്തി നോക്കി അവരെ

വിവാഹം ചെയ്യുകയാണെങ്കിൽ നബി(സ)തിരുമേനിയുടെ ദുആയുടെ അവകാശികളുമാകും. നിങ്ങളുടെ മക്കൾ തഖ്‌വയുടെ മാർഗത്തിൽ നടക്കുന്നവരായി നിങ്ങൾ കാണുകയും ചെയ്യുന്നതാണ്.

ചിലയാളുകൾ വിവാഹാലോചനാ സമയത്ത് ബലിമൃഗത്തെ തിരിച്ചും മറിച്ചും നോക്കുന്നതുപോലെയാണ് പെൺകുട്ടികളെ നോക്കുന്നത്. വിവാഹം ഒരു ഉടമ്പടിയാണ്. അത് ഒരു കക്ഷിയുടെ മാത്രം ത്യാഗത്തിന്റെ പേരല്ല. മറിച്ച് ഇരുകക്ഷികളും പരസ്പരം വരിക്കുന്ന ത്യാഗത്തിന്റെ പേരാണത്. അത്തരമൊരു ബന്ധനമാണത്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ)നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: സമ്പത്ത് ജീവിതത്തിനുള്ള ഉപാധിയാണ്. ഉത്തമമായ ഭാര്യയെക്കാളുപരി മറ്റൊരു ജീവനോപാധിയുമില്ല.(ഇബ്നുമാജ അബ്‌വാബുന്നിക്കാഹ്, ബാബു ഫിന്നികാഹിസ്സ്വാലിഹീൻ)

ഒരോ കാര്യത്തെയും ഭൗതികത കൊണ്ടളക്കുന്ന ആളുകൾ ഈ ഹദീഥ് ശ്രദ്ധയിൽ വയ്ക്കേണ്ടതാണ്. അതായത് ഉത്തമയായ ഭാര്യയെക്കാളുപരി നിങ്ങളുടെ ജീവിതത്തിന് മറ്റൊരു ഭൗതികമായ സാമഗ്രിയുമില്ലതന്നെ. ഉത്തമയായ ഭാര്യ നിങ്ങളുടെ കുടുംബം നല്ല രീതിയിൽ നോക്കി നടത്തുന്നതാണ്. നിങ്ങളുടെ മക്കളെ നല്ല ശിക്ഷണം നൽകി വളർത്തുന്നതാണ്. ഇതിന്റെ ഫലമായി നിങ്ങൾ ഭൗതികവും ആത്മീയവുമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നവരായിത്തീരും.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് ആഇശാ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: സ്വാലിഹായ പുരുഷനേയും സ്വാലിഹയായ സ്ത്രീയേയും തമ്മിൽ വിവാഹം നടത്തുക. (സുനൻ അദ്ദാരിമി, കിതാബുന്നികാഹ്, ബാബുഫിന്നിക്കാഹിസ്സ്വാലിഹീൻ)

ഇതും സൂചിപ്പിക്കുന്നത് നല്ല ആൺകുട്ടികളും പെൺകുട്ടികളും തമ്മിലുള്ള വിവാഹമാണ്. സൽപ്രവൃത്തി സമൂഹത്തെ കലഹങ്ങളിൽനിന്ന് രക്ഷിക്കുന്നതിനുള്ള മാർഗമാണ്. അതുകൊണ്ട് അതിൽ ധൃതിയും കാണിക്കേണ്ടതാണ്. എന്നാൽ ഇക്കാലത്ത് ചിലഘട്ടങ്ങളിൽ കണ്ടുവരാറുള്ളതാണ്, മാതാപിതാക്കളോടൊപ്പം 34-35 വയസ്സ് പ്രായമുള്ള ആൺകുട്ടികൾ എന്നെ കാണാൻ വരുന്നു. പക്ഷേ, അവർ അവരെ ചേർത്തുവെച്ചിരിക്കുകയാണ്. ഇതുവരെ അവരെക്കൊണ്ട് വിവാഹം കഴിപ്പിച്ചിട്ടില്ല. അവരുടെ വിവാഹകാ

ര്യത്തിലേക്ക് ശ്രദ്ധിക്കുന്നു പോലുമില്ല. ഇത്തരക്കാരുടെ എണ്ണം വളരെ കൂടുതലാണ്.

ചിലയാളുകൾ പെൺകുട്ടികൾ ജോലി ചെയ്തു കൊണ്ടുവരുന്നതു തിന്നാൻവേണ്ടി ഇങ്ങനെ ചെയ്യുന്നവരാണ്. ചിലർ ആൺകുട്ടികളുടെ വേതനം തിന്നാൻ വേണ്ടി ഇങ്ങനെ കാണിക്കാറുണ്ട്. വീട്ടിൽ ആൺകുട്ടികളുണ്ടാകും പക്ഷേ, ഒരു പണിയും എടുക്കുകയില്ല. വിദ്യാഭ്യാസവും ഉണ്ടാകുകയില്ല. അത്തരം വീടുകൾ മുന്നോട്ടു പോകുന്നത് അവിടുത്തെ പെൺകുട്ടികളുടെ വരുമാനത്തിലാണ്. മകളെ വിവാഹം കഴിപ്പിച്ചാലും, മരുമകൻ തങ്ങളോടൊപ്പം പാർക്കണമെന്ന ചിന്താഗതിയോടെ അതിനായി പരിശ്രമിക്കുന്നവരാണവർ. പുരുഷന്മാർ സ്ത്രീകളുടെ വീട്ടിൽത്തന്നെ കഴിയുക എന്നത് അസാധ്യമായ കാര്യമാണ്. ഇതുമുഖേന കലഹമുണ്ടാകുന്നു. അതുകൊണ്ട് വിവാഹത്തിനുശേഷം ദമ്പതികൾ വേറെ മാറി താമസിക്കാനാഗ്രഹിക്കുന്നെങ്കിൽ, അവർക്ക് അതിന് കഴിവുണ്ടെങ്കിൽ (കുഴപ്പമില്ല). സഹായം ആവശ്യമാകുംവിധം മാതാപിതാക്കൾ വൃദ്ധരായിട്ടുണ്ടെങ്കിൽ, അവരുടെയടുത്ത് മറ്റാരും സഹായത്തിനില്ലെങ്കിൽ അതു മറ്റൊരു കാര്യമാണ്. ത്യാഗം ചെയ്യേണ്ടതായി വരും. അതും ചെയ്യേണ്ടത് ആൺമക്കളാണ്. ആൺകുട്ടികൾ ഇല്ലെങ്കിൽ പിന്നെ പെൺമക്കൾ സഹായം ചെയ്യാൻ നിർബന്ധിതരാണ്. പക്ഷേ, പൊതുവെ പെൺകുട്ടിയെ വിവാഹം ചെയ്ത് മറ്റൊരു വീട്ടിലേയ്ക്ക് അയക്കുമ്പോൾ, അവൾ തന്റെ ആ വീട് നല്ലവണ്ണം നോക്കി നടത്തേണ്ടതാണ്. ഇതിൽ ജമാഅത്ത് വ്യവസ്ഥിതിയോടൊപ്പം നമ്മുടെ മൂന്നു ഉപസംഘടനകളും –ലജ്ന, ഖുദ്ദാം, അൻസാർ– ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അവരും തങ്ങളുടേതായ നിലയിൽ മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കേണ്ടത്. അൻസാർ മാതാപിതാക്കൾക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ലജ്ന മാതാപിതാക്കൾക്കും പെൺകുട്ടികൾക്കും ഖുദ്ദാം ആൺകുട്ടികൾക്കും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്.

മറ്റൊരു നിവേദനത്തിൽ വരുന്നു. ഹദ്റത്ത് മുഗീറ(റ) നിവേദനം. തനിക്കു വിവാഹത്തിനു സമ്മതമാണെന്നുള്ള സന്ദേശം അദ്ദേഹം ഒരു പെൺകുട്ടിയുടെ വീട്ടുകാർക്കയച്ചു. ഇതറിഞ്ഞപ്പോൾ നബി (സ)തിരുമേനി പറഞ്ഞു: 'ആ പെൺകുട്ടിയെ പോയി കാണുക. ഇങ്ങനെ കാണുന്നതുകൊണ്ട് നിങ്ങളുടെയും അവരുടെയും ഇ

ടയിൽ സുഹൃദ്ബന്ധവും സ്നേഹവും വർധിക്കാൻ സാധ്യത യേറെയാണ്.'(തിർമിദി കിതാബുന്നികാഹ്, ബാബു ഫിന്നള്ളി ഇലൽമഖ്ത്വൂബത്തി)

ഈ അനുവാദത്തെയും ഇക്കാലത്തെ സമൂഹത്തിൽ ചിലയാളുകൾ തെറ്റായി മനസ്സിലാക്കിയിരിക്കുന്നു. പരസ്പരം മനസ്സിലാക്കുന്നതിന് എപ്പോഴും വേറിട്ടിരിക്കുന്നതാണ് നല്ലതെന്ന് അവർ കരുതുന്നു, വേറിട്ട് യാത്രകൾ ചെയ്തുകൊണ്ടിരിക്കുക, മറ്റു പട്ടണങ്ങളിൽ പോയാലും പ്രശ്നമൊന്നുമില്ല. വീടുകളിലും മണിക്കൂറുകളോളം വേറിട്ടിരിക്കുക. ഇത്തരം പ്രവണതയും തെറ്റാണ്. ഇപ്പറഞ്ഞതിന്റെ താല്പര്യം, പരസ്പരം മുന്നിൽവന്ന് കാണുമ്പോൾ പരസ്പരം മനസ്സിലാക്കുന്നതിന് എളുപ്പമുണ്ടാകും. ചില കാര്യങ്ങൾ സംസാരിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഇക്കാലത്ത് വീട്ടുകാരോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കുന്നതുകൊണ്ടും കുഴപ്പമൊന്നുമില്ല. ഭക്ഷണം കഴിക്കുമ്പോഴും ഒരുപാട് ശീലങ്ങളും ചലനങ്ങളും ഇരുകൂട്ടരുടെയും മുമ്പിൽ വരുന്നതാണ്. ഇഷ്ടപ്പെടാത്ത ഏതെങ്കിലും കാര്യമുണ്ടെങ്കിൽ ആദ്യമെ അറിയാൻ കഴിയും. പിന്നീട് അതുമുഖേന കലഹം ഉണ്ടാകുകയുമില്ല. സംസാരം നല്ലതാണെങ്കിൽ സുഹൃദ്ബന്ധവും സ്നേഹവും ആ വിവാഹത്തോടുകൂടി വർധിക്കുന്നതാണ്. ഇങ്ങനെ വിവാഹത്തിനു മുമ്പേ ഒരു ബന്ധമുണ്ടാകും. ചിലയാളുകളുണ്ട്, അവരുടെ ജോലി വിവാഹബന്ധം മുടക്കുക എന്നതാണ്. അവർക്ക് പരസ്പരം കാണാനുള്ള അവസരം ഉണ്ടാകുകയില്ല. പരസ്പരമുള്ള പ്രവർത്തനം കൊണ്ടാണ് അവർ കാര്യം അറിയുന്നത്. കാരണം അവർക്ക് ഇരുകക്ഷികളെക്കുറിച്ചും അറിവുണ്ടാകും. ചിലയാളുകളുണ്ട്, അവർക്ക് വിവാഹത്തിനുമുമ്പേ അല്ലെങ്കിൽ സന്ദേശമറിയിക്കുന്ന നേരത്ത് ചെറുക്കനും പെണ്ണും പരസ്പരം കാണുന്നതുതന്നെ ദഹിക്കുകയില്ല. അതൊരു അഭിമാന പ്രശ്നമായിട്ടാണ് അവർ കാണുന്നത്. വാസ്തവത്തിൽ ഇസ്‌ലാമിക അധ്യാപനം, എല്ലാം ഉൾക്കൊള്ളുന്ന അധ്യാപനമാണ്. അമിതത്വമോ അതിമിതത്വമോ അവിടെയില്ല. ഇങ്ങനെയാണ് പ്രവർത്തിക്കേണ്ടത്. ഇതുമുഖേന സമൂഹം സമാധാനത്തിൽ നിലകൊള്ളും. സമൂഹത്തിൽനിന്ന് കലഹം അകലുകയും ചെയ്യും.

ഹദ്റത്ത് മുഅഖൽ ബിൻ യസാർ(റ) നിവേദനം. നബി(സ)തി

രുമേനി പറഞ്ഞു: 'സ്നേഹിക്കാനറിയുകയും അധികം മക്കളുണ്ടാകുകയും ചെയ്യുന്ന സ്ത്രീയെ നീ വിവാഹം ചെയ്യുക. അധികമായ ജനതയെകൊണ്ട് കഴിഞ്ഞുകടന്ന സമുദായങ്ങളുടെമേൽ എനിക്ക് അഭിമാനിക്കാൻ വേണ്ടി.'(അബൂദാവൂദ് , കിതാബുന്നിക്കാഹ്)

കൂടുതൽ മക്കളുണ്ടാകുന്ന സ്ത്രീകൾക്ക് നബി(സ)തിരുമേനി ഒരു പദവി നല്കിയിരിക്കുന്നു. അവരുടെ മക്കളുടെ വർധന കാരണത്താൽ അവർക്ക് ഒരു സ്ഥാനമുണ്ട്. അത് എന്റെ ഉമ്മത്തിൽ വർധനയ്ക്ക് കാരണമായിത്തീരുന്നു. ഇവിടെ എണ്ണം കൂടുക എന്നതു മാത്രമല്ല നബി (സ) തിരുമേനിയുടെ ഉദ്ദേശ്യം. നന്മകളിൽ മികച്ചു നില്ക്കുന്ന സന്താനങ്ങളാണുണ്ടാകേണ്ടത്. അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുന്ന മക്കളാണുണ്ടാകേണ്ടത്. അപ്പോഴാണ് അവർ നബി(സ)യ്ക്ക് അഭിമാനമായിത്തീരുക. കേവലം മക്കളിൽ അഭിമാനം കൊള്ളരുതെന്നും മറിച്ച് നന്മകളിൽ ചലിക്കുന്ന മക്കളെ സൃഷ്ടിക്കാൻ പരിശ്രമിക്കണമെന്നുമുള്ള ഉത്തരവാദിത്വമാണ് ഇതിലൂടെ സ്ത്രീകളിലിട്ടിരിക്കുന്നത്. നബിയുടെ ഉമ്മത്താണ് തങ്ങളെന്ന് പറയുന്നതിൽ അവർ അഭിമാനം കൊള്ളുന്നവരാകണം. കൂടുതൽ മക്കളുള്ളവരും, നന്മകളിൽ നിലകൊള്ളുന്നവരുമായ മക്കളുടെ മാതാക്കൾ തനിക്കും അഭിമാനമാണെന്ന് നബി(സ)തിരുമേനി പറയുന്നു.

നബി(സ)തിരുമേനി തന്നെയും സ്വഹാബത്തിനോട് വിവാഹം ചെയ്യാൻ ഉപദേശിക്കുമായിരുന്നു. എന്നല്ല, ആവർത്തിച്ചാവർത്തിച്ച് അവരോടു പറയുമായിരുന്നു. ചിലപ്പോൾ ചിലരുടെ വിവാഹബന്ധം ഉറപ്പിച്ചിട്ട് വളരെ താല്പര്യത്തോടെ സ്വന്തം നിലയിൽ അത് നടത്താനുള്ള ഏർപ്പാടുകൾ ചെയ്യുമായിരുന്നു. ഇത്തരത്തിലുള്ള ഒരു നിവേദനം ഹദ്റത്ത് റബീഅ അസ്ലമീ(റ) ചെയ്തിട്ടുണ്ട്. സുദീർഘമായ നിവേദനമാണത്. മുസനദ് അഹ്മദ് ബിൻ ഹമ്പലിൽ രേഖപ്പെടുത്തിയിട്ടുള്ളതാണിത്. അതിന്റെ ചുരുക്കമിതാണ്.

നബി (സ) തിരുമേനിയ്ക്ക് ഹദ്റത്ത് റബീഅ(റ)സേവനം ചെയ്യാറുണ്ടായിരുന്നു. ഒരിക്കൽ നബി(സ), റബീഅ! വിവാഹം കഴിക്കുന്നില്ലേ എന്നു ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഇല്ല. കുറച്ചു നാളുകൾക്കു ശേഷം വീണ്ടും നബി(സ)ചോദിച്ചു: റബീഅ! വിവാഹം കഴിക്കുന്നില്ലേ? ഇല്ലാ എന്ന് അദ്ദേഹം പറഞ്ഞു. പിന്നീട് റബീഅ ചിന്തിക്കാൻ തുടങ്ങി. എന്റെ ഗുണദോഷങ്ങൾ അറിയുന്നയാളാണ്

നബി തിരുമേനി(സ). നബി(സ) തിരുമേനിയ്ക്കറിയാം, എന്താണ് ഗുണം എന്താണ് ദോഷം എന്ന്. ഇനി എന്നോടു ചോദിച്ചാൽ അ നുകൂലമായി ഞാൻ മറുപടി നല്കുന്നതാണ്. നബി (സ)തിരുമേനി മൂന്നാം വട്ടവും ചോദിച്ചപ്പോൾ അല്ലാഹുവിന്റെ റസൂലേ! വിവാ ഹം കഴിക്കണമെന്ന് ഞാൻ മറുപടി നല്കി. അപ്പോൾ നബി(സ) പറഞ്ഞു: അൻസ്വാറിന്റെ ഇന്ന കുടുംബത്തിൽ ചെല്ലുക. ഇന്ന പെൺകുട്ടിയുമായി വിവാഹം നടത്തിത്തരാൻ ഞാൻ പറഞ്ഞ തായി അവരോടു പറയുക. നബി (സ)തിരുമേനിയുടെ സന്ദേശം കേട്ടുടനെ അവരത് അംഗീകരിച്ചു. ആ പെൺകുട്ടിയുമായി അദ്ദേ ഹത്തിന്റെ വിവാഹം നടന്നു. അതിനുശേഷം വലീമ തുടങ്ങിയ എല്ലാ ഏർപ്പാടുകളും നബി(സ) സ്വയം തന്നെ ചെയ്തു. വലീമ യിൽ പങ്കെടുക്കുകയും ചെയ്തു. ദുആയും ചെയ്യിച്ചു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം പേജ് 58)

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു;'ആരുടെയെങ്കിലും കൈയിൽ യത്തീമായ പെൺകുട്ടിയു ണ്ടെങ്കിൽ അവളുടെ മേൽ ഒരു തുണി ഇടുന്ന സമ്പ്രദായം ജാഹി ലിയ്യാ കാലഘട്ടത്തിലുണ്ടായിരുന്നു. ആ തുണി ഇട്ടുകഴിഞ്ഞാൽ പിന്നെ അവളെ ആർക്കും വിവാഹം കഴിക്കാൻ പറ്റുമായിരുന്നില്ല. അവൾ സൗന്ദര്യവതിയും സമ്പന്നയുമാണെങ്കിൽ അവളുടെ യജമാനൻ തന്നെ അവളെ നിക്കാഹ് കഴിക്കുകയും അവളുടെ പണം തിന്നുമുടിക്കുകയും ചെയ്യുമായിരുന്നു. സൗന്ദര്യവതിയല്ല എന്നാൽ, സമ്പന്നയാണെങ്കിൽ അയാൾ അവളുടെ മരണംവരെ അവളെ തടഞ്ഞുവെക്കുമായിരുന്നു. അവൾ മരിച്ചുകഴിഞ്ഞാൽ അയാൾ അവളുടെ സ്വത്തിന്റെ അവകാശിയായിത്തീരും.

അറബികളുടെ അവസ്ഥ ഇതായിരുന്നു. ഇക്കാരണത്താലാണ് വിധവകളേയും യത്തീമുകളേയും കൊണ്ട് വിവാഹം കഴിപ്പിക്കാൻ അല്ലാഹു നമ്മളോടു പറഞ്ഞത്. നബി(സ)തിരുമേനിയും സ്വന്തം താല്പര്യത്തിൽ തന്റെ സ്വഹാബിമാരുടെയും സ്വഹാബിയമാരു ടെയും വിവാഹം നടത്തിക്കുകയും ഈ കല്പനകൾ നടപ്പിൽ വരുത്തിക്കുകയും ചെയ്തിരുന്നു. പ്രായപൂർത്തിയെത്തിയാൽ സ് ത്രീയുടെയും പുരുഷന്റെയും വിവാഹം നടത്തുക എന്ന് അവിടന്ന് ഉപദേശിച്ചു. യുവതികളായ വിധവകളാണെങ്കിൽ, അല്ലെങ്കിൽ വി വാഹം കഴിക്കാനാഗ്രഹിക്കുന്നെങ്കിൽ അവരെ വിവാഹം കഴിപ്പി

ക്കുക. വ്യക്തിഗതമായ ഭൗതികനേട്ടങ്ങൾക്കുവേണ്ടി വീടുകളിൽ പെൺകുട്ടികളെ പിടിച്ചിരുത്തരുത്. അതുപോലെതന്നെ ആൺകുട്ടികളേയും. അതുകൊണ്ട് വിവാഹം താമസിപ്പിക്കരുത്. വിവാഹയോഗ്യരായ ആളുകളെക്കൊണ്ട് വിവാഹം കഴിപ്പിക്കുക എന്നത് മുഴുവൻ സമൂഹത്തിന്റെയും ബാധ്യതയാണ്.

ഈ കാലഘട്ടത്തിൽ അതീവ ശ്രദ്ധയോടുകൂടി വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയുടെ കല്പനകളുമനുസരിച്ച് പ്രവർത്തിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) പരിശ്രമിച്ചു. പ്രത്യേകിച്ച് വരുംതലമുറ ദീനിൽ അടിയുറച്ചു നില്ക്കുന്നവരായിത്തീരാൻ വേണ്ടി അഹ്മദി പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും വിവാഹം ജമാഅത്തിൽതന്നെ നടത്താൻ ഉത്സാഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു. ജമാഅത്തിൽ വിവാഹം ഉറപ്പിക്കുന്നതിനെക്കുറിച്ച് ഇരു കക്ഷികളേയും ഉപദേശിച്ചു.

അന്യരിൽ വിവാഹം കഴിക്കുന്നവരോട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹവും ഉദാരതയും അവന്റെ മഹത്തായ കടാക്ഷങ്ങളുംകൊണ്ട് ജമാഅത്തിന്റെ എണ്ണത്തിൽ വളരെയധികം അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ആയിരക്കണക്കിനായിത്തീർന്നിരിക്കുന്നു. അടുത്തുതന്നെ ദൈവാനുഗ്രഹത്താൽ ലക്ഷകണക്കിനാകുന്നതാണ്. (ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കോടികളോളം ആയിക്കഴിഞ്ഞിരിക്കുന്നു) അതുകൊണ്ട് അവരുടെ പരസ്പരമുള്ള ഐക്യം വർധിപ്പിക്കുന്നതിനും ബന്ധുമിത്രാദികളുടെ ദുസ്സ്വാധീനത്തിൽനിന്നും ദുഷ്ഫലങ്ങളിൽനിന്നും അവരെ രക്ഷിക്കുന്നതിനുമായി പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും നിക്കാഹിനെക്കുറിച്ച് എന്തെങ്കിലും നല്ല ഏർപ്പാടു ചെയ്യുന്നത് നല്ലതാണെന്ന് മനസ്സിലാകുന്നു. എതിരാളികളായ മൗലവിമാരുടെ തണലിൽ നിന്നുകൊണ്ട്, ശത്രുതയുടെയും  പിശുക്കിന്റെയും വിരോധത്തിന്റെയും പരമമായ നിലയിലെത്തിയവരുമായി അവർ തൗബ ചെയ്ത് ഈ ജമാഅത്തിൽ പ്രവേശിക്കാത്തിടത്തോളം കാലം, നമ്മുടെ ജമാഅത്തിൽ വിവാഹബന്ധം അസംഭവ്യമായിത്തീർന്നിരിക്കുന്നു. ഈ ജമാഅത്തിന് ഒരു കാര്യത്തിലും ഇപ്പോൾ അവരെ ആശ്രയിക്കേണ്ടതില്ല. ധനത്തിൽ, സമ്പത്തിൽ, അറിവിൽ, മേന്മയിൽ, കുടുംബമഹിമയിൽ, തഖ്‌വയിൽ, ദൈവഭയത്തിൽ മു

ന്നിട്ടു നില്ക്കുന്നവർ ഈ ജമാഅത്തിൽ അധികമധികമായിട്ടുണ്ട്. ഓരോ മുസ്‌ലിം കക്ഷികളിലേയും ആളുകൾ ഈ ജമാഅത്തിൽ ബയ്അത്തു ചെയ്തിട്ടുള്ളതായി കാണാം. ഇത്തരം പരിതഃസ്ഥിക ളിൽ നമ്മളെ കാഫിർ എന്നു പറയുകയും ദജ്ജാലെന്ന് വിളിക്കു കയും ചെയ്യുന്ന അത്തരക്കാരോട് നമ്മുടെ ജമാഅത്ത് വിവാഹ ബന്ധം ഉണ്ടാക്കേണ്ട ഒരു ആവശ്യമില്ല. അവരിൽ ചിലർ സ്വയം അങ്ങനെയല്ലെങ്കിൽത്തന്നെയും അത്തരമാളുകളുടെ സ്തുതിപാഠ കരും അവർക്കു വിധേയരായി ജീവിക്കുന്നവരുമാണ്. അതായത് സ്വയം അവർ അങ്ങനെ വിളിക്കുന്നില്ല. പക്ഷേ, അങ്ങനെ വിളി ക്കുന്നവരെ സ്തുതിക്കുന്നവരാണ്. അത്തരക്കാരെ ഉപേക്ഷിക്കാൻ കഴിയാത്തവർ നമ്മുടെ ജമാഅത്തിലിരിക്കാൻ യോഗ്യരല്ലെന്ന് ഓർമിച്ചുകൊള്ളുക. പരിശുദ്ധിക്കും സത്യസന്ധതയ്ക്കുംവേണ്ടി ഒരു സഹോദരനെ ഉപേക്ഷിക്കാത്തിടത്തോളം ഒരു പിതാവ് മകനി ൽനിന്ന് വേർപെടാത്തിടത്തോളം, അയാൾ നമ്മിൽപ്പെട്ടവനല്ല. ജമാഅത്തിലുള്ളവരെല്ലാം ശ്രദ്ധിച്ച് കേട്ടുകൊള്ളുക. സാത്വിക നാകാൻ ഈ നിബന്ധനകൾ പാലിക്കേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് ഞാൻ ഏർപ്പാടു ചെയ്തിരിക്കുന്നു, ഇനി എന്റെ കൈയിൽ പ്രത്യേകമായി ഒരു പുസ്തകം ഉണ്ടാകും. അതായത് കോൺഫിഡൻഷ്യൽ. ഇതിൽ ഈ ജമാഅത്തിലെ പെൺകുട്ടികളു ടെയും ആൺകുട്ടികളുടെയും പേരെഴുതുന്നതാണ്. ഏതെങ്കിലും പെൺകുട്ടിയുടെ മാതാപിതാക്കൾക്ക് തങ്ങളുടെ കുടുംബത്തിലെ നമ്മുടെ ജമാഅത്തിൽപ്പെട്ട സൽപ്രകൃതക്കാരായ ആൺകുട്ടികളെ തിരഞ്ഞിട്ടുകിട്ടുന്നില്ലെങ്കിൽ, അതുപോലെതന്നെ പെൺകുട്ടികളെ കിട്ടുന്നില്ലെങ്കിൽ അന്വേഷിച്ച് കണ്ടെത്താൽ അവർ അനുവാദം തരേണ്ടത് നിർബന്ധമാണ്. നാം മാതാപിതാക്കളോടു സഹതാ പമുള്ളയാളും വിഷമങ്ങൾ അനുഭവിക്കുന്നവനെപോലെ വിവാ ഹമന്വേഷിക്കുന്നതുമായിരിക്കുമെന്ന് കരുതി സമാധാനപ്പെട്ടിരി ക്കേണ്ടതാണ്. ആൺകുട്ടിയും പെൺകുട്ടിയും ഒരേ സമൂഹത്തിൽ പെട്ടവരായിരിക്കാൻ കഴിവിന്റെ പരമാവധി ശ്രമിക്കുന്നതാണ്. ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നത്, ചെറുക്കനും പെണ്ണും നല്ലവരും യോഗ്യരുമാണോ എന്നായിരിക്കും. സൽസ്വഭാവത്തിന്റെ ലക്ഷ ണങ്ങൾ പ്രകടമാകുന്നവരാകണം. ഈ രജിസ്റ്റർ രഹസ്യമായി സൂക്ഷിക്കുന്നതാണ്. സന്ദർഭം വരുന്നതനുസരിച്ച് അറിയിക്കുന്ന

താണ്. ഒരു ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും പ്രകൃതിദത്തമായ കഴിവും സൽസ്വഭാവവും സ്ഥാപിതമാകാത്തിടത്തോളം അവരെക്കുറിച്ച് ഒരഭിപ്രായവും പ്രകടിപ്പിക്കുന്നതല്ല. അതുകൊണ്ട് രജിസ്റ്ററിൽ പേരു രേഖപ്പെടുത്തുന്നതിന് ആത്മാർത്ഥരായ നമ്മുടെയാളുകൾ തങ്ങളുടെ മക്കളുടെ പേരുവിവരങ്ങൾ അയച്ചുതരിക. (മജ്മൂഅ ഇശ്തിഹാറാത് വാള്യം 3 പേജ് 50,51)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത വിളംബരമാണിത്. ഇത് അനുസരിച്ച് ഈ രിശ്തനാത്വവിഭാഗം കേന്ദ്രത്തിൽ നിലവിലുണ്ട്. വ്യക്തിഗതമായ നിലയിലും ചിലർ ഇക്കാര്യത്തിൽ താല്പര്യം കാണിക്കാറുണ്ട്. ജമാഅത്തുപരമായ നിലയിൽ അവരെ ഈ ജോലി ഏല്പിച്ചിട്ടുമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിവാഹബന്ധങ്ങൾ ഉറക്കുന്നുമുണ്ട്. പക്ഷേ, ചില ബുദ്ധിമുട്ടുകളുണ്ട്. അല്ലാഹു അതും അകറ്റുമാറാകട്ടെ. ജമാഅത്തിനുവെളിയിൽ വിവാഹം ചെയ്യാൻ അനുവാദം വേണമെന്ന് പറയുന്നവർക്കും തൃപ്തികരമായ മറുപടി ഇതിലുണ്ട്. അത്തരക്കാർ നേരിട്ട് കാഫിറെന്ന് വിളിക്കുകയോ ഫത്വാ അഥവാ മതവിധി പുറപ്പെടുവിക്കുകയോ ചെയ്യുന്നില്ല എന്നതു ശരിതന്നെ. പക്ഷേ, ഇരിപ്പും നടപ്പുമെല്ലാം അവരുമായിട്ടാണ്. അവരുടെ പരിപാടികളിലെല്ലാം പങ്കെടുത്തു നടക്കുന്നു, പേടികൊണ്ട് ഒന്നും പറയുന്നില്ലെന്ന് മാത്രം. അവരുടെ പള്ളികളിൽ പോകുന്നു. അവർ പറയുന്നത് അനുസരിക്കുന്നു. അവർ അവരിൽ പെട്ടവർ തന്നെയാണ്. അത്തരക്കാരുമായി വിവാഹം ബന്ധം നടത്തരുത്. പിന്നീട് അവിടന്ന് പറയുന്നു, 'ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പേരുകൾ അയക്കുക. ഇപ്പോൾ ഇതു കൈകാര്യം ചെയ്യുന്നത് രിശ്തനാത്വ വിഭാഗമാണ്. എല്ലായിടത്തും ഇതു രൂപീകരിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. പെൺകുട്ടികളുടെ വിവാഹം ഇവർ നടത്തുന്നില്ല എന്ന പരാതി ഇവർക്കെതിരിലുണ്ട്. ഇതിന്റെ ഒരു ബുദ്ധിമുട്ട്, മാതാപിതാക്കൾ പെൺകുട്ടികളുടെ പേരുവിവരങ്ങൾ അയക്കുകയും ആൺകുട്ടികളുടെ പേരുവിവരങ്ങൾ അയക്കാതിരിക്കുകയും ചെയ്യുന്നു എന്നതാണ്. ആൺകുട്ടികളുടെ പേരുകളും ലിസ്റ്റിൽ വന്നാൽ വിവാഹബന്ധം ഉറപ്പിക്കുന്നത് എളുപ്പമായിത്തീരും. പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ അപേക്ഷിച്ച് അധികമാണെന്നത് വസ്തുതയാണ്. 51-52 പെൺകുട്ടികൾ ഉള്ളപ്പോൾ 48-49 ആൺകുട്ടികളെ ഉണ്ടാകൂ.

ജമാഅത്തിന്റെ കൈയിലുള്ള രജിസ്റ്ററിൽ 7-8 പെൺകുട്ടികളാണെങ്കിൽ അവിടെ ഒരാൺകുട്ടിയുടെ വിവരമേയുള്ളൂ. ഇങ്ങനെ വിവാഹം ബന്ധം ഉറപ്പിക്കൽ ഏറെ ദുഷ്ക്കരമായിത്തീരുന്നു. ഇരു ഭാഗത്തുനിന്നും വിവരങ്ങൾ ലഭിച്ചാൽ വിവാഹബന്ധം ഉറപ്പിക്കൽ എളുപ്പമാകും. ആൺകുട്ടികളുടെ വിവാഹം ചിലപ്പോൾ മാതാപിതാക്കളോ എന്നല്ല സ്വയം തന്നെയോ നടത്താൻ ശ്രമിക്കുന്നു. ഇതുശരിയല്ല. ആൺകുട്ടികളുടെ പേരുവിവരവും ജമാഅത്തിന് ലഭിക്കേണ്ടതാണ്. അപ്പോഴാണ് പെൺകുട്ടിയുടെ വിവാഹം നോക്കി ഉറപ്പിക്കാൻ കഴിയുക. അതുകൊണ്ട് മാതാപിതാക്കൾക്കു പുറമെ, വിവാഹപ്രായക്കാരായ ചെറുപ്പക്കാരും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഒന്ന്, ജമാഅത്തിനുള്ളിലെ പെൺകുട്ടികളെ വിവാഹം ചെയ്യാൻ ശ്രമിക്കുക. നിങ്ങളുടെ അടുത്ത ബന്ധുക്കളിൽ ബന്ധം കിട്ടുന്നില്ലെങ്കിൽ, ജമാഅത്തുപരമായ വ്യവസ്ഥിതിയനുസരിച്ച് ബന്ധം ഉറപ്പിക്കാൻ ശ്രമിക്കുക. നിങ്ങളുടെ അടുത്ത ബന്ധുക്കളിൽ ബന്ധം ഉറപ്പിക്കാൻ ശ്രമിക്കുക. ചിലയാളുകൾ കുടുംബ മഹിമകളിലും വ്യക്തിമാഹാത്മ്യത്തിലും രൂപലാവണ്യം തുടങ്ങിയ പ്രശ്നങ്ങളിലും കുടുങ്ങുന്നു. ഇതിനെക്കുറിച്ച് ഞാൻ ആദ്യം പറഞ്ഞതാണ്. നിസ്സാര പ്രശ്നങ്ങളാൽ ബന്ധം നിഷേധിക്കുന്നു. ഇങ്ങനെയൊക്കെയാണ് പെൺകുട്ടികളുടെ വിവാഹം പ്രശ്നമാകുന്നത്. ഈ ദുരഭിമാനമെല്ലാം ഇപ്പോൾ ഉപേക്ഷിക്കേണ്ടതാണ്.

ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'വിവിധതരം വ്യക്തിവൈഭവങ്ങളൊന്നും മാന്യതയ്ക്ക് കാരണമൊന്നുമല്ല. അല്ലാഹുതആല തിരിച്ചറിയുന്നതിനുവേണ്ടിയാണ് ഇത് ഉണ്ടാക്കിയിരിക്കുന്നത്. ഇക്കാലത്ത് നാലുതലമുറയെക്കുറിച്ച് അറിയാൻപോലും പ്രയാസമാണ്. വ്യക്തിത്വങ്ങളുടെ പിന്നാലെ കൂടി കലഹങ്ങളിൽ പെടുക എന്നത് മുത്തഖിയ്ക്ക് ചേർന്നതല്ല. തന്റെ പക്കൽ വ്യക്തിത്വത്തിന് ഒരു പ്രസക്തിയുമില്ലെന്ന് അല്ലാഹു വിധി പറഞ്ഞിരിക്കുന്നു. യഥാർഥമായ ബഹുമാനത്തിന്റെയും മഹത്വത്തിന്റെയും നിദാനം തഖ്വയാണ്. ഇങ്ങനെ വരുമ്പോൾ ഇത്തരം കാര്യങ്ങളിൽ വീണുപോകാൻ പാടില്ല.

അല്ലാഹു നമുക്കെല്ലാം തഖ്വയുടെ മാർഗത്തിലൂടെ വിവാഹ ബന്ധം ഉറപ്പിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആൺകുട്ടികളെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. വിശു

ഖുർആനിന്റെ കല്പനയനുസരിച്ച് യത്തീമുകളെയും വിധവക ളെയും, ഓരോരുത്തരുടെയും വിവാഹം നടത്താൻ തൗഫീഖ് ന ല്കുമാറാകട്ടെ. ഇതിന് ജമാഅത്ത് വ്യവസ്ഥിതിക്കും ജനങ്ങൾക്കും സമൂഹത്തിനും തൗഫീഖ് നല്കുമാറാകട്ടെ. പെൺകുട്ടികളെ ഓർത്ത് വിഷമിക്കുന്ന എല്ലാ രക്ഷിതാക്കളുടെയും വിഷമങ്ങൾ ദൂരീകരിക്കുമാറാകട്ടെ.ആമീൻ.

*(വിവർത്തനം: മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ)*

ഹദ്റത് ഖലീഫത്തുൽ മസീഹ് V(അയ്യദഹുല്ലാഹ്) ലണ്ടനിലെ (U.K)
ബൈത്തുൽ ഫുതുഹ് മസ്ജിദിൽ 2010 ജനുവരി 15നു നിർവഹിച്ച ജുമുഅ ഖുത്ബ

# എല്ലാ വിധ അനാചാരങ്ങളും ഉപേക്ഷിക്കുക

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

فَاٰمِنُوْا بِاللّٰهِ وَرَسُوْلِهٖ وَالنُّوْرِ الَّذِيْٓ اَنْزَلْنَا ؕ وَاللّٰهُ بِمَا تَعْمَلُوْنَ خَبِيْرٌ (64:9)

മനുഷ്യനെ സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉത്തമനാക്കുകയും അവന് ബുദ്ധി നൽകുകയും ആ ബുദ്ധി ഉപയോഗിച്ച് മറ്റെല്ലാ സൃഷ്ടികളെയും മനുഷ്യൻ തന്റെ കീഴിൽ നിർത്തുകയും അവയിൽ നിന്ന് ഒട്ടേറെ പ്രയോജനങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നത് അല്ലാഹു തന്റെ ദാസരോട് ചെയ്ത ഏറ്റവും വലിയ ഔദാര്യമാണ്. ഓരോ ദിവസവും മനുഷ്യന്റെ ബുദ്ധിവൈഭവങ്ങളാൽ പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇന്ന് നാം കാണുന്ന ഭൗതികപുരോഗതി 10 വർഷങ്ങൾക്ക് മുമ്പോ കഴിഞ്ഞ 10 വർഷങ്ങൾക്ക് മുമ്പുള്ള പുരോഗതി 20 വർഷം മുമ്പ് ഉണ്ടായിരുന്നില്ല.

ഇനിയും പിന്നോട്ട് പോയാൽ ഇത്തരം പുരോഗതികളിലൂടെ ഇന്ന് നടക്കുന്ന കണ്ടുപിടുത്തങ്ങളുടെ പ്രാധാന്യവും മനുഷ്യബുദ്ധിയുടെ അപാരമായ കഴിവും നമുക്ക് വിലയിരുത്താൻ സാധിക്കുന്നു. എന്നാൽ ഭൗതിക തലത്തിൽ മനുഷ്യനുണ്ടായിക്കൊണ്ടിരിക്കുന്ന ഈ പുരോഗതിയാണോ അവന്റെ ജീവിതോദ്ദേശ്യം ? എല്ലാ കാലങ്ങളിലും ഒരു ഭൗതിക ചിന്താഗതിക്കാരൻ തന്റെ പുരോഗതിയും ശക്തിയും സ്ഥാനമാനങ്ങളും ഭൗതിക വിനോദങ്ങളും ധനത്തോടുള്ള അത്യാർത്തിയും താഴെക്കിടയിലുള്ളവരെ തന്റെ

ചൊൽപ്പടിക്ക് കീഴിൽ നിർത്തലുമൊക്കെയാണ് തന്റെ ജീവിതോദ്ദേശ്യം എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. സാധാരണക്കാരനായ ഒരു ഭൗതിക ചിന്താഗതിക്കാരൻ പോലും ഇന്ന് ഈ അവസ്ഥയിലാണുള്ളത്. ഇന്നത്തെ യുവാക്കൾക്കാണെങ്കിൽ മതകാര്യങ്ങളിൽ തീരെ താല്പര്യമില്ല താനും. ഭൗതികത മാത്രമാണ് അവരുടെയും ലക്ഷ്യം. ടി.വി യും ഇന്റർനെറ്റുമൊക്കെയാണ് തങ്ങളുടെ പുരോഗതിക്ക് കാരണം എന്നാണ് അവർ മനസ്സിലാക്കുന്നത്. ഇത്തരം കാര്യങ്ങളിൽ അവർ വളരെയധികം ആകൃഷ്ടരായിരിക്കുന്നു. ഇത് വളരെ തെറ്റായ ഒരു ചിന്താഗതിയാണെന്ന് മാത്രമല്ല, അന്യന്റെ അവകാശങ്ങൾ തട്ടിയെടുക്കുന്നവരെയും , വലിയ അക്രമികളെയും സുഖാഢംബരങ്ങളിൽ മാത്രം ലയിച്ചവരെയും ഓരോ കാലഘട്ടങ്ങളിലും അഭിനവഫിർഔനുകളെ സൃഷ്ടിച്ചതുമെല്ലാം ഇത്തരം ചിന്താഗതിയാണ്. അതായത് തങ്ങൾക്ക് ശക്തിയും സമ്പത്തും സ്ഥാനമാനങ്ങളെല്ലാം ഉണ്ടെന്നുള്ള വിചാരം അവരെ അന്ധരാക്കിയിരിക്കുന്നു. എന്നാൽ സർവ്വലോകപരിപാലകനായ, സർവ്വചരാചരങ്ങളുടെയും സ്രഷ്ടാവായ അല്ലാഹു ഈ ചിന്താഗതിയെ കഠിനമായി എതിർക്കുന്നു. നിങ്ങൾ ജീവിതോദ്ദേശ്യമായി മനസ്സിലാക്കിയിരിക്കുന്ന ഇക്കാര്യങ്ങൾ നിങ്ങളുടെ ജീവതോദ്ദേശ്യമല്ല. ഈ ഭൗതിക വസ്തുക്കളിൽ നിന്ന് പ്രയോജനമുൾക്കൊണ്ട് കാലം കഴിക്കാനല്ല നിങ്ങളെ സൃഷ്ടിച്ചത്. അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ (51:57)

ജിന്നിനേയും ഇൻസിനേയും എന്നെ ആരാധിക്കാൻ വേണ്ടിയാണ് സൃഷ്ടിച്ചത്. ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു; മനുഷ്യസൃഷ്ടിപ്പിന്റെ യാഥാർഥ ഉദ്ദേശ്യം അവൻ തന്റെ നാഥനെ തിരിച്ചറിയുകയും അവനെ അനുസരിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹു പറയുന്നു;

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ (51:57)

ജിന്നിനെയും ഇൻസിനെയും എന്നെ ആരാധിക്കാൻ വേണ്ടിയാണ് സൃഷ്ടിച്ചത്. എന്നാൽ പരിതാപകരമെന്നു പറയട്ടെ, ഈ ലോകത്തുള്ള ഭൂരിഭാഗം ആളുകളും പ്രായപൂർത്തിയെത്തിയതിന് ശേഷം തങ്ങളുടെ നിർബന്ധ കടമകളേയും ജീവിതോദ്ദേ

ശ്യത്തെയും മനസ്സിലാക്കുന്നതിന് പകരം അല്ലാഹുവിനെ ഉപേക്ഷിച്ച് ഭൗതികതയിലേക്ക് ചായുന്നു. ഭൗതിക സമ്പത്തിലും അഭിമാനത്തിലും മതിമറന്ന അവർക്ക് അല്ലാഹുവിന്റെ കാര്യത്തിൽ വളരെ കുറഞ്ഞ പങ്കേ ഉള്ളൂ. എന്നാൽ ചിലരുടെ ഹൃദയങ്ങളിൽ അത് ലവലേശം പോലും കാണുകയില്ല. ഭൗതികതയിൽ ലയിച്ചു ചേർന്ന അവർക്ക്. അല്ലാഹുവുണ്ട് എന്നുള്ള വിചാരം പോലുമില്ല.

മനുഷ്യന് അവന്റെ യഥാർഥ ജീവിതോദ്ദേശ്യത്തെക്കുറിച്ച് മാർഗനിർദേശങ്ങൾ നല്കാനും അവനെ സൽപന്ഥാവിലൂടെ നയിക്കാനും ആരാധനാ കർമ്മങ്ങളുടെ രീതി അവന് മനസ്സിലാക്കിക്കൊടുക്കാനും വേണ്ടിയാണ് അല്ലാഹു ലോകത്തേക്ക് നബിമാരെ അയക്കുന്നത് അവർ തങ്ങളുടെ സമൂഹത്തിൽ ആരാധനാ കർമ്മങ്ങളുടെ രീതികളും സൃഷ്ടിയുദ്ദേശ്യം കരഗതമാക്കാനുള്ള വഴികളും പഠിപ്പിച്ചു. തുടർന്ന് മനുഷ്യൻ എല്ലാ ഉപദേശ നിർദേശങ്ങളും മനസ്സിലാക്കാൻ തുടങ്ങിയപ്പോൾ ആരാധനകളിൽ ഉന്നതനിലവാരം പുലർത്തുകയും തൽഫലമായി അവന്റെ ബുദ്ധി വൈഭവങ്ങൾ മെച്ചപ്പെട്ടു വരികയും ചെയ്തു. പരസ്പര ബന്ധങ്ങളിലും സാമൂഹ്യപരമായ കാര്യങ്ങളിലും വ്യാപ്തിയേറിയപ്പോൾ പരിപൂർണ മനുഷ്യനും ശ്രേഷ്ഠ പ്രവാചകനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യെ അവസാനത്തെ നിയമസംഹിതയുമായി അല്ലാഹു അയക്കുകയും അവന്റെ കല്പനപ്രകാരം അദ്ദേഹം ഇപ്രകാരം അറിയിക്കുകയും ചെയ്തു ;

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ نِعْمَتِيْ وَرَضِيْتُ لَكُمُ الْاِسْلَامَ دِيْنًا ؕ

*ഇന്നേ ദിവസം ഞാൻ നിങ്ങൾക്കായി നിങ്ങളുടെ മതത്തെ പരിപൂർണമാക്കുകയും എന്റെ അനുഗ്രഹം നിങ്ങളിൽ പൂർത്തീകരിക്കുകയും ഇസ്ലാമിനെ മതമെന്ന നിലക്ക് നിങ്ങൾക്കായി തൃപ്തിപ്പെട്ട് തരികയും ചെയ്തിരിക്കുന്നു.* (5:4)

ഈ ഖുർആനിലൂടെ അല്ലാഹു മതത്തെ പരിപൂർത്തീകരിക്കുകയും അവന്റെ സാമീപ്യം കരഗതമാക്കാനുള്ള വഴികൾ പറഞ്ഞു തരികയും ആരാധനകളിൽ ഉന്നത നിലവാരം പുലർത്താനും സാമൂഹ്യബന്ധങ്ങൾ ഊട്ടിയുറപ്പുക്കുന്നതിനെ സംബന്ധിച്ചും ശത്രുക്കളോട് എങ്ങനെ പെരുമാറണം, സമൂഹത്തിലെ ബലഹീന വിഭാഗത്തിന്റെ അവകാശങ്ങൾ നല്കാനുള്ള മാർഗങ്ങൾ, സ്ത്രീക

ളുടെ അവകാശം സംരക്ഷണത്തിനുള്ള മാർഗങ്ങൾ, ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ഒരുപാട് കണ്ടുപിടുത്തങ്ങളെക്കുറിച്ചും മനുഷ്യൻ അതിനെ പ്രയോജനപ്പെടുത്തേണ്ടതിനെക്കുറിച്ചും ആകാശഭൂമികളിലുള്ള എല്ലാ വസ്തുക്കളെക്കുറിച്ചും മനുഷ്യന്റെ ചിന്തകൾക്കനുസൃതമായി അവനെത്താൻ കഴിയുന്നതുവരെ മാർഗനിർദേശങ്ങൾ നൽകി. 1400 വർഷം മുമ്പ് മനുഷ്യന്റെ ചിന്തയിൽപോലും വരാത്ത കാര്യങ്ങളെക്കുറിച്ചാണ് ഈ പ രിശുദ്ധഗ്രന്ഥത്തിലൂടെ പറഞ്ഞു തന്നിട്ടുള്ളത്. അതിന് മുമ്പു ള്ളവർക്ക് തീർത്തും മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങ ളായി രുന്നു അവ. എന്നാൽ ഇന്നത്തെ ചുറ്റുപാടിലുള്ള മനുഷ്യൻ അത് മനസ്സിലാക്കി. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യ ങ്ങളെക്കുറിച്ചും വിവരം നൽകി. ഖുർആനിൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ സാധാരണ ഒരു വിശ്വാസിക്ക് മനസ്സിലാക്കാൻ പ്രയാ സമായിരുന്നു. എന്നാൽ എല്ലാ കാര്യങ്ങളെയും പരിപൂർണ്ണ മനു ഷ്യനായ ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)യുടെ സൂക്ഷ്മബു ദ്ധികൊണ്ട് മനസ്സിലാക്കാൻ സാധിച്ചത് തന്നെ തിരുനബി ദൈവി കപ്രകാശത്താൽ പ്രകാശിതമായ ഒരു പരിപൂർണ പ്രകാശമായി രുന്നത് കൊണ്ടാണ്. തിരുനബിയുടെ സ്വഹാബാക്കളിലും അവ രുടെ കഴിവിനനുസരിച്ച് ആ പ്രകാശം നിറയ്ക്കുകയും അവർക്ക് ആരാധനയുടെ രീതികൾ പഠിപ്പിച്ചുകൊടുക്കുകയും ആരാധന കളുടെ ഉന്നത നിലവാരത്തിലെത്താൻ അവരെ ഉപദേശിച്ചുപോ രുകയും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തെക്കുറിച്ചുള്ള അവബോധം അവരിൽ വളർത്താനായി ശ്രദ്ധിക്കുകയും ചെയ്തു. പിന്നീട് തിരു നബിയിൽ നിന്ന് പ്രകാശം സ്വീകരിച്ചുകാണ്ട് സ്വഹാബാക്കൾ ആ പ്രകാശം മറ്റുള്ളവരിലേക്ക് പകർന്നുകൊണ്ടിരുന്നു. വിളക്കുകൾ കണക്കെ അവർ പ്രകാശദീപ്തരാവുകയും ആ കാലങ്ങളിൽ സാധാരണ മനുഷ്യന് മനസ്സിലാക്കാൻ സാധിക്കാത്ത കാര്യങ്ങൾ അവർ മനസ്സിലാക്കുകയും ചെയ്തു. ഈ പരിപൂർണ്ണ ഗ്രന്ഥത്തിൽ നിന്ന് ഇത്തരത്തിൽ ഖിയാമത്ത് നാൾവരെ പ്രകാശിതരായിക്കൊ ണ്ടിരിക്കുന്നതാണ്. ഭാവിയിൽ വിശ്വാസികൾ ഈ അടയാളങ്ങൾ ദർശിക്കുന്നതായിരിക്കും. ഒരു ഭൗതികവാദി തന്റെ ഭൗതിക ചിന്താ ഗതികളിലൂടെ വീക്ഷിക്കുമ്പോൾ ഒരു യഥാർഥ വിശ്വാസി തന്റെ ജീവിതോദ്ദേശ്യത്തിന്റെ കടമകൾ പാലിച്ച്കൊണ്ട് എല്ലാം അല്ലാ

ഹുവിന്റെ പ്രവചനപ്രകാരം സംഭവ്യമായിരിക്കുന്നു എന്ന് മനസ്സിലാക്കും. ഒരു സത്യവിശ്വാസി ഈ കണ്ടുപിടുത്തങ്ങളുടെയും ഭൗതിക വസ്തുക്കളുടെയും ബാഹ്യമായ പ്രയോജനം മുന്നിൽ കാണുക മാത്രമല്ല യഥാർഥ ഉദ്ദേശ്യം മനസ്സിലാക്കി ദൈവിക പ്രകാശം കരസ്ഥമാക്കാൻ വേണ്ടി ശ്രമിക്കുന്നതായിരിക്കും. ആ പ്രകാശം പ്രവാചകന്മാരിൽ ശ്രേഷ്ഠനും പ്രിയങ്കരനുമായ മുഹമ്മദ് നബി (സ) കൊണ്ടുവന്നതാണ്. 1400 സംവത്സരങ്ങൾക്ക് മുമ്പ് വഴികേടിലായിരുന്ന ജനങ്ങൾ അന്ന് നബി(സ)യുടെ പ്രകാശത്താൽ അനുഗൃഹീതരായതുപോലെ ഈ കാലഘട്ടത്തിലും ഈ ശരീഅത്തുമായി ബന്ധം പുലർത്തുന്നവർ അന്ധകാരങ്ങളിൽ നിന്ന് ആ പ്രകാശത്തിലേക്ക് ആനയിക്കപ്പെടുകയും ഇഹപരലോകങ്ങളിൽ അവർ അല്ലാഹുവിന്റെ സ്വർഗത്തിന് അവകാശികളാവുന്നതുമാണ്. അല്ലാഹു ഇതിനെപ്പറ്റി സൂറ ത്വലാഖിൽ പറയുന്നു;

رَّسُوۡلًا يَّتۡلُوۡا عَلَيۡكُمۡ اٰيٰتِ اللّٰهِ مُبَيِّنٰتٍ لِّيُخۡرِجَ الَّذِيۡنَ اٰمَنُوۡا وَ عَمِلُوا الصّٰلِحٰتِ مِنَ الظُّلُمٰتِ اِلَى النُّوۡرِ‌ؕ وَمَنۡ يُّؤۡمِنۡۢ بِاللّٰهِ وَيَعۡمَلۡ صَالِحًا يُّدۡخِلۡهُ جَنّٰتٍ تَجۡرِىۡ مِنۡ تَحۡتِهَا الۡاَنۡهٰرُ خٰلِدِيۡنَ فِيۡهَاۤ اَبَدًا‌ ؕ قَدۡ اَحۡسَنَ اللّٰهُ لَهٗ رِزۡقًا ۞

*അതായത്, ഒരു ദൂതനെ, അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ വിവരിച്ച് തരുന്നു. വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ (എല്ലാവിധ) അന്ധകാരങ്ങളിൽ നിന്ന് (മോചിപ്പിച്ച് )പ്രകാശത്തിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി. വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നതായാൽ അവനെ താഴ്ഭാഗത്തുകൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ അല്ലാഹു പ്രവേശിപ്പിക്കുന്നതാണ്.അവരതിൽ നിത്യവും വസിക്കും. അല്ലാഹു അവന് ഏറ്റവും നല്ല ഉപജീവനം നൽകുന്നതാണ്.* (65:12)

അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെങ്കിൽ നബി(സ) യുടെ മാതൃകകൾക്കനുസരിച്ചും തിരുനബിയ്ക്ക് ഇറങ്ങിയ അധ്യാപനങ്ങൾക്കനുസരിച്ചും പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. ഈ അധ്യാപനങ്ങൾക്കനുസരിച്ച് തങ്ങളിൽ നിയന്ത്രണം വരുത്തുകയും തിരുനബിയുടെ മാതൃകകൾ പിൻപറ്റാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തെങ്കിൽ മാത്രമേ അന്ധകാരത്തിൽ നിന്ന് പ്രകാശ

ത്തിലേക്ക് പ്രവേശിക്കാനും അവന്റെ തൃപ്തി കരസ്ഥമാക്കാനും സാധിക്കുകയുള്ളൂ. ഈ പ്രകാശത്തിൽ നിന്ന് പ്രകാശിതരാവണമെങ്കിൽ വിശ്വാസത്തോടൊപ്പം സൽക്കർമ്മങ്ങളും ഉണ്ടായിരിക്കേണ്ടതാണ് എന്ന നിബന്ധന വെച്ചിരിക്കുന്നു. വിശ്വസിച്ചാൽ മാത്രം പോരാ, ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം സൽക്കർമ്മങ്ങൾ ചെയ്യുന്ന കാര്യത്തിലും കാര്യമായി ശ്രദ്ധിക്കുകയും തിന്മയിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. ഞാൻ തുടക്കത്തിൽ ഓതിക്കേൾപ്പിച്ച ആയത്തിലും അല്ലാഹു വ്യക്തമായി പറയുന്നു. അല്ലാഹുവിലും അവന്റെ റസൂലിലും ഖുർആനിലുമുള്ള വിശ്വാസമാണ് മനുഷ്യനെ പ്രകാശിതനാക്കുകയും സ്വർഗാവകാശിയാക്കുകയും ചെയ്യുന്നത്. അല്ലാഹു മനുഷ്യന്റെ എല്ലാ പ്രവൃത്തികളെക്കുറിച്ചും അറിയുന്നവനാണ്. അവന്റെ പ്രീതി കാംക്ഷിച്ചു കൊണ്ട് ഏത് പ്രവൃത്തിയാണ് മനുഷ്യൻ ചെയ്യുന്നതെന്ന് അവനറിയാം. പ്രവാചക മാതൃകകൾക്കും അധ്യാപനങ്ങൾക്കുമനുസരിച്ച് എത്രകണ്ട് പ്രവർത്തിക്കാൻ അവൻ ശ്രമിക്കുന്നുവെന്നും ഒരാളുടെ വിശ്വാസം ഹൃദയാത്മനാ തന്നെയാണോ അല്ല വെറും വാക്കുകൾ മാത്രമാണോ എന്നും അവന് നന്നായിട്ടറിയാം. ഈ ലോകത്തും പരലോകത്തും മോക്ഷം ലഭിക്കുന്ന അധ്യാപനങ്ങൾ കൊണ്ടുവന്ന പ്രവാചകനെ നമുക്ക് വേണ്ടി നിയോഗിച്ചു കൊണ്ട് അല്ലാഹു മനുഷ്യന് വലിയ ഔദാര്യമാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ വിശ്വാസികളെന്ന് വാദിക്കുന്നവർ നിർബന്ധമായും ഈ പരിപൂർണ അധ്യാപനത്തിന് വിധേയരായി പ്രവർത്തിക്കേണ്ടതാണ്. പിന്നീട് അല്ലാഹുവിൽ നിന്നുണ്ടാകുന്ന ഉദാരത ദർശിക്കേണ്ടത് തന്നെയാണ്.☆ وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ എന്ന് പറഞ്ഞുകൊണ്ട് നമ്മെ അവൻ സമാശ്വസിപ്പിക്കുകയും റസൂൽ(സ)യുടെയും ഖുർആന്റെയും പ്രകാശം ഇനിയും അനുഗ്രഹമായി വർഷിക്കപ്പെടുമെന്നും അറിയിച്ചു. അന്ധകാര കാലങ്ങൾക്ക് ശേഷം റസൂൽ(സ)യുടെ സത്യസന്ധനായ പ്രേമിയും തിരുനബിയുടെ പ്രകാശത്തിൽ നിന്ന് ഏറ്റവും കൂടുതൽ കരഗതമാക്കുകയും ചെയ്യുന്ന ഇമാം മഹ്ദി മറ്റ് ജനങ്ങളെ വിശ്വാസപരവും പ്രവർത്തനപരവുമായ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതാണ്. അദ്ദേഹത്തോടൊപ്പം ചേരുകയും അദ്ദേഹത്തെ സ്വീകരിക്കുകയും സത്യസന്ധമായി ബന്ധം സ്ഥാപിക്കുകയും ഭൗതിക അനാവശ്യങ്ങളിൽ നി

☆ (62:4)

ന്ന് രക്ഷപ്പെട്ട് കൊണ്ട് അവനോട് ചെയ്തിരിക്കുന്ന ഉടമ്പടികളെ കാത്ത് സൂക്ഷിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വർഗത്തിന്റെ സന്തോഷവാർത്ത കേൾക്കുന്നവരായിത്തീരുന്നതാണ്. ഇത്തരം ഘട്ടങ്ങളിൽ ഒരു അഹ്മദിയെ സംബന്ധിച്ചിടത്തോളം ആശ്വാസം ലഭിക്കുന്നുവെങ്കിലും ചിന്തയുണ്ടാകുകയും ആത്മപരിശോധന നടത്തുകയും ചെയ്യേണ്ടതാവശ്യമാണ്. ഈ പ്രകാശത്തിൽ നിന്ന് പ്രയോജനമുൾക്കൊള്ളാൻ അല്ലാഹു ☆وَمَنْ يُّؤْمِنْ بِاللّٰهِ وَيَعْمَلْ صَالِحًا എന്ന നിബന്ധന വെച്ചിരിക്കുന്നു. അതായത് , ദൈവവിശ്വാസത്തോടൊപ്പം സൽക്കർമ്മം അനിവാര്യമാണ്. അതുകൊണ്ട് എപ്പോഴും ഏത് പ്രവൃത്തിയാണ് നല്ലതെന്നും ഏതാണ് ചീത്തയെന്നും മനസ്സിലാക്കേണ്ടത് അവശ്യമാണ്. ചില നിസ്സാര കാര്യങ്ങൾ പ്രത്യക്ഷമായതായിരിക്കാം,അതായത് സന്തോഷകരവും ദുഃഖകരവുമായ അവസരങ്ങളിൽ നാം കാത്തു സൂക്ഷിക്കേണ്ട അതിർവരമ്പുകൾ ഏതാണ്? സന്തോഷവും സന്താപവും മനുഷ്യനോട് ഒട്ടിച്ചേർന്നവയാണ്. എന്നാൽ ഇതിന് രണ്ടിനും ചില അതിർവരമ്പുകളും നിരോധനങ്ങളുമൊക്കെയുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ മുസ്ലിംകളുടെ ഇടയിൽ സന്തോഷവേളകളിൽ കാലാനുസൃതമായി പല വിധത്തിലുള്ള അനാചാരങ്ങളും അനാവശ്യങ്ങളും കടന്ന് കൂടിയിരിക്കുന്നു. ദുഃഖ വേളകളിലും പല അനാചാരങ്ങളുണ്ട്. എന്നാൽ ഒരു അഹ്മദി ഇത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ചെയ്യുന്ന പ്രവൃത്തിയിൽ ഏതെങ്കിലും വിധത്തിലുള്ള പ്രയോജനം മുന്നിൽ കാണേണ്ടതാണ്. കൂടാതെ ഓരോ പ്രവൃത്തിയും അല്ലാഹുവും റസൂൽ തിരുമേനി(സ)യും നിശ്ചയിച്ചിരിക്കുന്ന അതിർവരമ്പുകൾക്കുള്ളിൽ നിന്നുകൊണ്ടായിരിക്കണം ചെയ്യേണ്ടത്. സന്തോഷവേളകളെക്കുറിച്ച് ഞാൻ പറഞ്ഞു. ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് വിവാഹ വേളകളിലാണ്, അത് അനുവദനീയവുമാണ്. ചില സ്വഹാബാക്കൾ റസൂൽ (സ) നോട് പറഞ്ഞു. ഞങ്ങൾ അല്ലാഹുവിനെ ആരാധിക്കുന്നതിനായി വിവാഹം കഴിക്കുകയേയില്ല. എന്നാൽ നബി(സ) ഇതിനെ എതിർത്തുകൊണ്ട് പറഞ്ഞു; നന്മ എന്നത് എന്റെ മാതൃകകൾക്കനുസരിച്ച് പ്രവർത്തിക്കലാണ്. ഞാൻ വിവാഹിതനാണ്. നോമ്പും മറ്റ് ആരാധനകളുമൊക്കെ ഞാൻ ചെയ്തുവരുന്നു. തിരുനബിയുടെ ആരാധനകളുടെ നിലവാരം നമ്മുടെ ചിന്തകൾക്കതീതമായതാ

☆ (64:10)

ണ്. ഇത് ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ നിർബന്ധമാണ്. അതുകൊണ്ട് തീർച്ചയായും വിവാഹം കഴിക്കേണ്ടതാണ്. എന്നാൽ ഇന്നത്തെ വിവാഹങ്ങളിൽ പല സമ്പ്രദായങ്ങളും അനാചാരങ്ങളും കടന്നു കൂടിയിരിക്കുന്നു. പ്രത്യേകിച്ച് ഇന്ത്യയിലേയും പാകിസ്താനിലേയും സമൂഹങ്ങളിൽ ഇത് വളരെയധികമായിരിക്കുന്നു. എന്നാൽ ഇത്തരം കാര്യങ്ങൾക്ക് ഇസ്‌ലാമിക അധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല. ഒരു സമൂഹത്തിൽ ഇത്തരം അനാചാരങ്ങൾ നടക്കുമ്പോൾ അവരിൽ ഉണ്ടായിരിക്കുന്ന ചിന്താഗതി തന്നെ ഇത്തരം ധൂർത്തും വിവാഹത്തിന്റെ അവിഭാജ്യ ഘടകമാണെന്നാണ്. ഇങ്ങനെയല്ലാതെ വിവാഹം നടത്താനേ അവർക്ക് കഴിയുന്നില്ല. മൈലാഞ്ചികല്ല്യാണം എന്ന പേരിൽ ആചാരമുണ്ട്. ഈ സമ്പ്രദായത്തിനും വിവാഹങ്ങളിൽ പ്രാധാന്യം നൽകി വരുന്നു. അതിനായി പ്രത്യേകം ആളുകൾ ക്ഷണിക്കപ്പെടുകയും കാർഡുകൾ തയ്യാറാക്കുകയും. സ്റ്റേജുകൾ അലങ്കരിക്കുകയും ചെയ്യുന്നു. ഇത് മാത്രമല്ല, പല ദിവസങ്ങളിലായി ഭക്ഷണത്തിന് ക്ഷണിക്കുന്നു. ചിലത് വിവാഹത്തിന് ആഴ്ചകൾക്ക് മുമ്പ് തന്നെ ആരംഭിക്കുന്നു. ഓരോ ദിവസവും പുതിയ സ്റ്റേജ് അലങ്കരിക്കുന്നു. പിന്നെ ഭക്ഷണവുമായി ബന്ധപ്പെട്ട് ഇന്ന് ഇത്ര പാകം ചെയ്തു, എന്ന രീതിയിൽ ചർച്ചകൾ നടക്കുന്നു. ഇതെല്ലാം അനാചാരങ്ങളാണ്. എന്നാൽ ഇതിന് കഴിവില്ലാത്തവരെപ്പോലും മറ്റുള്ളവർ തങ്ങളുടെ പിടിയിൽ അകപ്പെടുത്തിയിരിക്കുന്നു. അത്തരക്കാർ കടത്തിന്റെ ഭാരത്താൽ അമർത്തപ്പെടുകയാണ് ചെയ്യുന്നത്. അനഹ്മദികൾ ഇപ്രകാരം ചെയ്യുന്നവരാണ് എന്നതിൽ സംശയമില്ല. എന്നാൽ ചില അഹ്മദീ വീടുകളിലും വളരെ മുൻപന്തിയിൽ ഇത്തരം വൃത്തികെട്ട അനാചാരങ്ങൾ നടത്തുകയാണ്. പല കുടുംബങ്ങളും ഇതിൽപ്പെട്ടിരിക്കുന്നു. കാലത്തിന്റെ ഇമാമിന്റെ വാക്കുകൾ കേട്ട് അനാചാരങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് പകരം മറ്റ് സമൂഹങ്ങളെ പിൻതുടർന്നുകൊണ്ട് ഈ അനാചാരങ്ങൾക്ക് വേണ്ടി കലഹിക്കുകയാണ്. ചില മാസങ്ങൾക്ക് മുമ്പ് ഇക്കാര്യത്തെക്കുറിച്ച് അതായത്, മൈലാഞ്ചി കല്ല്യാണങ്ങളിൽ അനാവശ്യമായ ചെലവുകളിൽ നിന്നും വലിയ ക്ഷണങ്ങളിൽ നിന്നും പിൻമാറേണ്ടതാണ് എന്ന് ഞാൻ പറഞ്ഞിരുന്നു. ഇതേ ദിവസം ലണ്ടനിലും ഒരഹ്മദിവീട്ടിൽ

മൈലാഞ്ചി കല്ല്യാണത്തിനായി ആളുകളെ ക്ഷണിച്ചിരുന്നു. എന്നാൽ എന്റെ ഖുത്ബ കേട്ടതിന് ശേഷം അവർ ആ പരിപാടി തന്നെ കാൻസൽ ചെയ്യുകയായിരുന്നു. വധുവിന്റെ ചില കൂട്ടുകാരികളെ മാത്രം ക്ഷണിച്ച് ഭക്ഷണം നൽകുകയും മിച്ചമുണ്ടായിരുന്ന ഭക്ഷണം ബൈത്തുൽ ഫുതൂഹിൽ നടന്ന ഒരു പരിപാടിക്കായി അവർ കൊടുത്തയക്കുകയും ചെയ്തു. യഥാർഥ അഹ്മദികൾ ഒരു കാര്യം ശ്രദ്ധയിൽ പെടുത്തിയാൽ ഉടനെ അതിനനുസരിച്ച് പ്രവർത്തിക്കുകയും മാപ്പപേക്ഷിച്ചുകൊണ്ട് കത്തെഴുതുകയും ചെയ്യുന്നു. എന്നാൽ പാകിസ്ഥാനിൽ നിന്നും റബ്വയിൽ നിന്നും ചില പരാതികൾ എനിക്ക് ലഭിച്ചു. ചില ആളുകൾ ആവശ്യത്തിലധികം ഇത്തരം അനാചാരങ്ങളിൽ പെട്ടുവരികയാണെന്ന് മനസ്സിലാക്കാൻ സാധിച്ചിരിക്കുന്നു. റബ്വ ചെറിയ പട്ടണമായത് കൊണ്ട് തന്നെ അവിടെ നടക്കുന്ന കാര്യങ്ങൾ  പെട്ടെന്ന് കാണാൻ കഴിയുന്നു. അതുകൊണ്ട് ഞാൻ വ്യക്തമായും പറയുകയാണ് ഇത്തരം വൃത്തിഹീനമായ അനാചാരങ്ങൾക്ക് പിന്നിൽ പോകാതിരിക്കുക.  അത് നിർത്തലാക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)  ഒരിക്കൽ അരുൾ ചെയ്തു.

നമ്മുടെ സമുദായത്തിലുള്ള ഒരു അനാചാരം, വിവാഹവേളകളിൽ നൂറ് കണക്കിന് രൂപ അനാവശ്യമായി ചെലവഴിക്കപ്പെടുന്നു എന്നതാണ്. (ആ കാലഘട്ടത്തിൽ നൂറ് കണക്കിന് രൂപയുടെ ചെലവ് തന്നെ വലുതായിരുന്നു.  നൂറ് വർഷം മുമ്പോ അതിന് മുമ്പോ ആയിരിക്കാം.  എന്നാൽ ഇന്ന് ലക്ഷക്കണക്കിന് രൂപയാണ് ചെലവഴിക്കപ്പെടുന്നത്. അതും തങ്ങളുടെ കഴിവിനതീതമായതാണ് ചെലവഴിക്കുന്നത്. ഒരു പക്ഷെ അക്കാലത്തെ നൂറ് കണക്കിന് രൂപയേക്കാളും പൗണ്ടിനേക്കാളും അധികമായിരിക്കുന്നു.)    പടക്കങ്ങൾ പൊട്ടിക്കുന്നതും നിഷിധമാണ്. വിവാഹ ദിവസങ്ങളിൽ പടക്കങ്ങൾ പൊട്ടിക്കുകയും ആവശ്യത്തിലധികം  വിളക്കുകൾ കൊളുത്തുകയും ചെയ്യാറുണ്ട്.  ഈയ്യിടെയായി പാക്കിസ്ഥാ നിൽ ഓരോ ആഴ്ചയും പേപ്പറുകളിൽ കാണാറുള്ളത് വൈദ്യുതി ലഭ്യത കുറവാണ് എന്നാണ്. പല മണിക്കൂറുകൾ ലോഡ്ഷെഡ്ഡിംഗ് നടക്കുന്നു.കൂടാതെ വിലക്കയറ്റം ജനങ്ങളെ വല്ലാതെ വിഷമാവസ്ഥയിലാക്കിയിരിക്കുന്നു. മറ്റൊരു ഭാഗത്ത് ചില വീടുകളിൽ അനാവശ്യമായി ചെലവഴിച്ച്കൊണ്ട് രാജ്യത്തിന് നഷ്ടമുണ്ടാ

ക്കുക മാത്രമല്ല സ്വയം തിന്മയിലകപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട്തന്നെ പാകിസ്താനിലെ അഹ്മദികൾ പൊതുവായി അനാവശ്യമായ ചെലവുകളിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. പ്ര ത്യേകിച്ച് റബ്വയിൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാ ണ്. ഇക്കാര്യത്തിൽ റബ്വയിൽ സദർ ഉമൂമിയാണ് മേൽനോട്ടം വഹിക്കേണ്ടത്. വിവാഹവേളകളിൽ അനാവശ്യച്ചെലവുകൾ, മറ്റു ള്ളവരെ കാണിക്കാൻ വേണ്ടിയുള്ള പ്രകടനങ്ങൾ, സമ്പത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നമറ്റുകാര്യങ്ങൾ ഒന്നും തന്നെ ഉണ്ടാ കാൻ പാടുള്ളതല്ല. ദുഃഖവേളകളിൽ നടക്കാറുള്ള അനാചാരങ്ങ ളിൽ നിന്ന് രക്ഷപ്പെട്ടിരിക്കുന്നു എന്നത് ജമാഅത്തിന് മേലുള്ള അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. 7–ാം ദിവസം, 10, 40 ഒക്കെ അനഹ്മദികളുടെ ആചാരങ്ങളിൽ പെട്ടവയാണ്. അങ്ങനെ നാം പ്രവർത്തിക്കാറില്ല. പല അനാചാരങ്ങളും വീട്ടുകാർക്ക് തന്നെ ഭാരമാണ്. എന്നാൽ സമൂഹത്തിൽ നിന്ന് പ്രഭാവിതരായി ചില അനാചാരങ്ങളിൽ അകപ്പെട്ടാൽ മറ്റ് പല അനാചാരങ്ങളും കടന്നു കൂടുന്നു എന്നതാണ് വാസ്തവം, ഇത്തരം കാര്യങ്ങൾ നമ്മുടെയിട യിലും തുടങ്ങും. അതുകൊണ്ട് ഓരോ അഹ്മദിയും തങ്ങളുടെ സ്ഥാനം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതായത്, അല്ലാഹുവിന്റെ ഔദാര്യത്താൽ മസീഹ് മഹ്ദിയുടെ ജമാഅത്തിൽ പ്രവേശിക്കാനു ള്ള സൗഭാഗ്യം നമുക്ക് ലഭിച്ചിരിക്കുകയാണ്. അത്കൊണ്ട് ഇസ്ലാ മിന്റെ യഥാർഥ അധ്യാപനങ്ങൾക്കനുസരിച്ചായിരിക്കണം നാം പ്രവർത്തിക്കേണ്ടത്. വിവാഹവേളകളിൽ ഇസ്ലാമിക അധ്യാപന ങ്ങളുമായി ബന്ധപ്പെട്ട കടമകൾ പാലിക്കേണ്ടിയിരിക്കുന്നു. കഴി വിനനുസരിച്ച് വരന്റെ കൂടെ വന്നവർക്കും മറ്റ് അതിഥികൾക്കും വധുവിന്റെയോ വരന്റെയോ വീട്ടുകാർക്കുമൊക്കെ ഭക്ഷണം ന ൽകാം. എന്നാൽ, രാജ്യത്ത് ചില നിയമങ്ങൾ ഇത്തരം കാര്യ ങ്ങൾക്ക് തടസ്സമായി നിൽക്കുന്നുവെങ്കിൽ കുടുംബാംഗങ്ങളെയും വരന്റെ കൂടെ വരുന്നവരെയും മാത്രം സൽക്കരിച്ചാൽ മതിയാകും. പാകിസ്താനിൽ ഒരു സമയത്ത് നിയമനിയന്ത്രണങ്ങളേർപ്പെടു ത്തിയിരുന്നു. പക്ഷേ, ഇപ്പോഴത്തെ അവസ്ഥ എന്താണെന്നറിയില്ല. ഇപ്പോഴും ചെറിയ തോതിൽ നിയന്ത്രണങ്ങളുണ്ട് എന്നാണ് തോന്നുന്നത്. മറ്റൊന്ന്, വലീമാ നടത്താനാണ് കല്പിച്ചിരിക്കുന്ന ത്. അതായത്, തന്റെ അടുത്ത ആളുകളെ ക്ഷണിച്ച് അവർക്ക്

ഭക്ഷണം നൽകുക. ഇസ്‌ലാമിക ദൃഷ്ട്യാ വിവാഹസദ്യയുമായി ബന്ധപ്പെട്ട് ഈ ഒരു കല്പന മാത്രമാണുള്ളത്. അതും വലിയതാവണം എന്നില്ല. കഴിവിനനുസരിച്ചാണ് ഭക്ഷണത്തിനായി ക്ഷണിക്കേണ്ടത്. ഞാൻ നേരത്തെ പറഞ്ഞത് പോലെ അല്ലാഹു നമ്മുടെ ജീവിതോദ്ദേശ്യം എന്താണ് എന്ന് പറഞ്ഞു തന്നിരിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി ലക്ഷ്യം വെച്ച് കൊണ്ടുള്ള എല്ലാ സൽപ്രവൃത്തികളും ആരാധനകളാണ്. ഇത്തരം കാഴ്ചപ്പാടിലൂടെ നീങ്ങുമ്പോഴാണ് നമുക്ക് മോക്ഷം ലഭിക്കുന്നത്. ഇപ്രകാരം അനാചാരങ്ങളിൽ നിന്നും ആർഭാടങ്ങളിൽ നിന്നും അനാവശ്യകാര്യങ്ങളിൽ നിന്നും അക്രമങ്ങളിൽ നിന്നുമെല്ലാം നമുക്ക് രക്ഷപ്പെടാൻ കഴിയും. അക്രമങ്ങൾ ചിലപ്പോൾ അറിവില്ലായ്മ കൊണ്ടും മറ്റു ചിലപ്പോൾ സ്വന്തം ബലത്തിന്റെ അഹങ്കാരത്തിലും ഉണ്ടാകാറുണ്ട്. എന്നാൽ ഇത്തരം അനാചാരങ്ങളുമായി നടക്കുന്നവർ തങ്ങൾക്ക് മേൽ തന്നെയാണ് അക്രമം നടത്തുന്നത്. കൂടാതെ സമൂഹത്തിലെ ദരിദ്ര വിഭാഗത്തെയും ഇത്തരം കാര്യങ്ങൾ ചെയ്ത് അതിക്രമം നടത്തുകയും പിന്നീട് ഈ പാവപ്പെട്ടവരും, ഒരു പക്ഷേ ഇത് വൈവാഹിക നിബന്ധനകളിൽ പെട്ടതാകാം എന്ന് കരുതുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു. ഒരു സമൂഹത്തിൽ ഇത്തരത്തിലുള്ള അനാചാരങ്ങളും അനാവശ്യപരമായ കാര്യങ്ങളുമുണ്ടെങ്കിൽ ആ സമൂഹം പിന്നീട് പരസ്പരം അവകാശധ്വംസനം നടത്തുന്നവരായി മാറുകയും പരസ്പരം അക്രമവും അനീതിയും പ്രവർത്തിക്കുന്നവരായിത്തീരുകയും ചെയ്യുന്നു. എന്നാൽ നാം ഇതിൽ നിന്ന് രക്ഷപ്പെടുകയാണെങ്കിൽ അവകാശങ്ങൾ തട്ടിപ്പറിക്കുന്നതിൽ നിന്നും അതിക്രമങ്ങളിൽ നിന്നുമൊക്കെ രക്ഷപ്പെടുന്നതായിരിക്കും. കൂടാതെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരുമാകുന്നതാണ്. ഇന്ന് ഒരഹ്മദിക്ക് മാത്രമേ ഈ സമൂഹത്തിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവനെന്നും മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നവനെന്നുമുള്ള മുദ്രാവാക്യം മുഴക്കാൻ സാധിക്കുകയുള്ളൂ. അഹ്മദിയല്ലാതെ മറ്റാരാണ് അനാചാരങ്ങളിൽ നിന്നും അനാവശ്യമായ കാര്യങ്ങളിൽ നിന്നും വിട്ട് നിൽക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ളത്? . ഖുർആന്റെ അധികാരം പൂർണ്ണമായും സ്വീകരിക്കാൻ തയ്യാറാണെന്നും അല്ലാഹുവിന്റെയും റസൂൽ തിരുമേനി(സ)യുടെയും വാക്കുകൾ എല്ലാ

വഴികളിലും മാർഗരേഖയാക്കുമെന്ന് അഹ്മദിക്കല്ലാതെ മറ്റാർക്ക് പറയാൻ കഴിയും ? ഒരഹ്മദിയെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെയും റസൂൽ(സ)ന്റെയും ഖുർആന്റെയും പ്രകാശത്തിൽ നിന്ന് അനുഗൃഹീതരാവാൻ കാലത്തിന്റെ ഇമാമിന്റെ കയ്യിൽ പ്രതിജ്ഞ ചെയ്തിരിക്കുന്നു എന്നത് ബൈഅത്തിന്റെ നിബന്ധനകളിൽ ഉള്ളതാണ്. ഈ പ്രതിജ്ഞാ പാലനത്തിലൂടെ നാം നമ്മെ കെട്ടിവെച്ചിരിക്കുകയല്ല മറിച്ച്, ശയ്ത്വാന്റെ കരവലയത്തിൽ നിന്ന് നമ്മെ രക്ഷിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെയും റസൂൽ തിരുമേനി(സ)യും വാക്കുകൾക്കനുസരിച്ച് പ്രവർ ത്തിച്ച്കൊണ്ട് നാം നമ്മെ സുരക്ഷിതരാക്കുകയാണ് ചെയ്യുന്നത്. അതുവഴി നമ്മുടെ സൂക്ഷ്മബുദ്ധിക്കും വിചാരത്തിനും വെളിച്ചമേകുകയും പരിശുദ്ധിയെ സംരക്ഷിക്കുകയും ലജ്ജയുടെ നിലവാരം ഉയർ ത്തുകയും ക്ഷമ കൈക്കൊള്ളാനും ഉള്ളത് കൊണ്ട് തൃപ്തിപ്പെടാനുമുള്ള കഴിവ് തങ്ങളിൽ ഉണ്ടാക്കുകയും അന്തരംഗങ്ങളിൽ തഖ്വയുണ്ടാക്കുകയും വിശ്വാസം ദൃഢപ്പെടുത്തുകയുമാണ് ചെയ്യുന്നത്. കൂടാതെ തങ്ങളെ ഏൽപിച്ച അമാനത്തുകളുടെ കടമകൾ പാലിക്കാൻ ശ്രമിക്കുകയും ദൈവഭയവും ദൈവസ്നേഹവും കരഗതമാക്കി ഋജുമാനസനായി അവനിലേക്ക് കുനിയാനുള്ള ഉയർന്ന നിലവാരത്തിനായി പരിശ്രമിച്ച് വരുന്നു. അങ്ങനെയാണ് ജീവിതോദ്ദേശ്യം കരഗതമാകുന്നത്. ഭൗതികത ഉപേക്ഷിച്ചെങ്കിൽ മാത്രമേ അന്ധകാരങ്ങളിൽ നിന്ന് പുറത്തു കടക്കാനും ദൈവിക പ്രകാശത്താൽ പ്രകാശിതരാവാനും കാലത്തിന്റെ ഇമാമിന്റെ കയ്യിൽ ബൈഅത്ത് ചെയ്ത് കടമകൾ പാലിക്കാനും സാധിക്കുകയുള്ളൂ. അതിനായി നമ്മിൽ പരിശുദ്ധമായ പരിവർത്തനം വരുത്തേണ്ടതായിവരും. ഉന്നതസ്വഭാവഗുണങ്ങളുടെ ഉടമകളാ വാൻ പരിശ്രമിക്കേണ്ടതായിവരും. ലജ്ജയുടെ നിലവാരം ഉയർത്തുന്നതിനെപ്പറ്റി ഞാൻ പറഞ്ഞു കഴിഞ്ഞു. ലജ്ജ ഈമാന്റെ ഭാഗമാണ്. ഇന്നത്തെ ഭൗതിക കണ്ടുപിടിത്തങ്ങളായ ടി.വി.യും ഇന്റർനെറ്റുമൊക്കെ ലവലേശം പോലും ലജ്ജയില്ലാത്ത അവസ്ഥ യിലാണ്. വ്യക്തമായ വൃത്തിഹീനതകൾ കാണിച്ചതിന് ശേഷവും ഇത് വൃത്തിഹീനമല്ലെന്ന് തുറന്നടിക്കുന്നു. അഹ്മദിയുടെ ലജ്ജ വളരെ ഉയർന്ന നിലവാരത്തിലെത്തേണ്ടതുണ്ട്. ടി.വി.യിലും ഇന്റർനെറ്റിലും കാണുന്ന ലജ്ജയില്ലാത്ത അവസ്ഥയല്ല നമുക്ക് വേണ്ടത്.

ഇത് ലജ്ജയല്ല. ബോധത്തെ തളച്ചിടുകയാണ് ചെയ്യുന്നത്. ലജ്ജ യില്ലായ്മയും അപമാനബോധമില്ലായ്മയും പ്രത്യക്ഷത്തിൽ നല്ല അഹ്മദീ കുടുംബങ്ങളെന്ന് തോന്നുന്നവരുടെ നിലവാരം പോലും മാറ്റിമറിച്ചിരിക്കുന്നു. കാലത്തിന്റെ പുരോഗതിയുടെ പേരിൽ കാണി ക്കുന്ന വാക്കുകളും പ്രവൃത്തികളും കുലീനനായ ഒരാൾക്ക് കണ്ടു നില്ക്കാനേ സാധ്യമല്ല. ഭാര്യാഭർത്താക്കന്മാരാണെങ്കിൽ പോലും ചില പ്രവൃത്തികൾ മറ്റുള്ളവരുടെ മുമ്പിൽ ചെയ്യുമ്പോൾ നിഷിധം മാത്രമല്ല വലിയ തിന്മയായിത്തീരുന്നു. അഹ്മദീ വീടുകൾ ഇത്തരം മ്ലേച്ചമായ അവസ്ഥകളിൽ നിന്ന് തങ്ങളെ ശുദ്ധീകരിക്കുന്നില്ലെങ്കിൽ ചെയ്ത പ്രതിജ്ഞയെയും അംഗീകരിക്കുന്നില്ല എന്നതാണ് സത്യം. ഈ കാലഘട്ടത്തിന്റെ ഇമാമിന്റെ കയ്യിൽ ബൈഅത്ത് ചെയ്തുകാണ്ടാണ് പ്രതിജ്ഞ ചെയ്തതെങ്കിലും ഇത്തരം നീച മായ പ്രവൃത്തികളാൽ തങ്ങളുടെ വിശ്വാസം നഷ്ടപ്പെ ടുത്തുന്നു. റസൂൽ(സ) വളരെ വ്യക്തമായി പറഞ്ഞത് **അൽഹയാഉ ശുഅ്ബ ത്തും മിനൽ ഈമാൻ**. ലജ്ജ എന്നത് ഈമാന്റെ ഭാഗമാണ്. പ്ര ത്യേകിച്ച് മീഡിയകളിലൂടെ പ്രചരിച്ചുകൊണ്ടിരിക്കുന്ന തിന്മകൾ കാണുകയോ ഒരിക്കലും ആ വലയിൽ പെടുകയോ ചെയ്യുകയി ല്ലെന്ന് അഹ്മദീ യുവാക്കളും യുവതികളും ദൃഢപ്രതിജ്ഞ ചെയ്യേണ്ടതാണ്. മറിച്ചാണെങ്കിൽ ഈമാൻ തന്നെ നഷ്ടപ്പെടും. ഇത്തരം വൃത്തിഹീനമായ അവസ്ഥകളുടെ പ്രഭാവത്താൽ ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ എല്ലാ അതിർവരമ്പുകളും മുറിക്കു കയാണ് ചെയ്യാറുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ ചിലരെ ജമാ അത്തിൽ നിന്ന് പുറത്താക്കേണ്ടതായി വരുന്നു. തന്റെ ഓരോ പ്ര വൃത്തിയും അല്ലാഹുവിന്റെ തൃ പ്തി കരസ്ഥമാക്കാൻ വേണ്ടിയാ യിരിക്കണം എന്ന വിചാരം നമുക്കോരോരുത്തർക്കും ഉണ്ടായിരി ക്കേണ്ടതാണ്. ഒരു ഹദീഥിൽ വരുന്നു. നബി(സ) അരുൾ ചെയ്തു; നീചമായ പ്രവൃത്തികൾ ചെയ്യുന്നവരെ ആ പ്രവൃത്തി വിരൂപനാ ക്കുന്നു. എന്നാൽ ലജ്ജ കാണിക്കുന്നവരെ ആ ഗുണം സൗന്ദര്യ വാന്മാരാക്കുന്നു. ഈ സൗന്ദര്യമാണ് മനുഷ്യന്റെ അന്തരംഗത്തിൽ നന്മകൾ ചെയ്യാനുള്ള പ്രേരണകൾ ഉണ്ടാക്കുന്നത്. ഒരു ഹദീഥിൽ വന്നിരിക്കുന്നു, റസൂൽ(സ) അരുൾ ചെയ്തു; അല്ലാഹു നൽകിയ ലജ്ജ ഹൃദയത്തിലാണ്, ഇത് കേട്ട സഹാബാക്കൾ പറഞ്ഞു. അല്ലാ ഹുവിന് നന്ദി. അവൻ ഞങ്ങൾക്ക് ലജ്ജ പ്രദാനം ചെയ്തിരിക്കുന്നു.

റസൂൽ (സ) പറഞ്ഞു; ലജ്ജയുള്ളവൻ ചെയ്യേണ്ടത് അതല്ല മറിച്ച്, തന്റെ എല്ലാ വികാരവിചാരങ്ങളെയും അടക്കിവെക്കട്ടെ. ഇതാണ് ലജ്ജ. നമുക്ക് ഉണ്ടാവുന്ന എല്ലാ ചിന്തകളെയും സുരക്ഷിതമാക്കേണ്ട താവശ്യമാണ്. എപ്പോഴും മരണ വിചാരവും പരീക്ഷണങ്ങളെ ക്കുറിച്ചുള്ള ചിന്തയും ഉണ്ടായിരിക്കേണ്ടതാണ്. പരലോകത്തെ ലക്ഷ്യം വെയ്ക്കുന്നവൻ ഈ ലോകത്തിന്റെ സൗന്ദര്യം ഉപേക്ഷി ക്കുന്നു. ഇത്തരത്തിൽ ജീവിതരീതികൾ സ്വായത്തമാക്കിയവരാണ് യഥാർത്ഥത്തിൽ ലജ്ജ കാണിച്ചിരിക്കുന്നത്. മനസ്സിൽ വരുന്ന ഓരോ ചിന്തയും ലജ്ജയെ മുന്നിൽ വെച്ചുകൊണ്ടായിരിക്കണം ഓർക്കേണ്ടത്. ദുർവിചാരങ്ങൾ വന്നാൽ പെട്ടെന്ന് തന്നെ അതിൽ നിന്ന് പിന്തിരിയാൻ കഴിയണം. ഇസ്തിഗ്ഫാർ ചെയ്ത് അത് തട്ടി യകറ്റുക. സദ്‌വിചാരങ്ങളാണുള്ളതെങ്കിൽ പ്രവൃത്തികളും പ രിശുദ്ധമായിരിക്കും. കളിതമാശകളും അനാവശ്യ കാര്യങ്ങളും ഒരി ക്കലും അവരിൽ പ്രഭാവം ചെലുത്തുകയില്ല. അതുപോലെ മനു ഷ്യൻ തന്റെ ഉപജീവനം അനുവദനീയമായ മാർഗങ്ങളിലൂടെയാണ് കരസ്ഥമാക്കേണ്ടത്. അധ്വാനിച്ച് സമ്പാദിക്കേണ്ടതാണ്. മറ്റുള്ളവ രുടെ ധനത്തിൽ കണ്ണുവെച്ച് അത് തട്ടിയെടുക്കുന്ന ശീലം പാടില്ല. തെറ്റായ മാർഗ്ഗങ്ങളിലൂടെ ഒരിക്കലും സമ്പാദിക്കരുത്. പാകിസ് താനിൽ പലരും അനുവദനീയമല്ലാത്ത രീതിയിൽ സമ്പാദിക്കു ന്നവരാണ് എന്ന പരാതിയുണ്ട്. അനുവദനീയമായ രീതിയിൽ സമ്പാദിച്ചാണ് നിങ്ങളും ഭാര്യാമക്കളും ഭക്ഷണം കഴിക്കേണ്ടത്. അല്ലാഹുവിലും റസൂലിലും സത്യസന്ധമായി വിശ്വസിക്കുന്നവർ അത്തരക്കാരാണ്. മസീഹ് മൗഊദ്(അ)ന്റെ ഒരു പ്രാർഥന ഇപ്ര കാരമാണ്. അല്ലാഹുവിനെ ലഭിക്കാനായിട്ടാണ് അദ്ദേഹം ഈ ദുആ ചെയ്തത്. അതായത് എല്ലാ കഴിവുകളുമുള്ള അല്ലാഹുവേ, എന്നെ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നവനേ, സത്യവാന്മാർക്ക് നി ന്നെ ലഭിക്കുന്ന ആ മാർഗം നീ കാണിച്ചുതാ. വിഷയാസക്തികളുടെ മാർഗത്തിൽ നിന്നും അസൂയ, വിദ്വേഷം എന്നി വികാര വിചാര ങ്ങളിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കേണമേ.

നാം ചെയ്തിരിക്കുന്ന പ്രതിജ്ഞകൾ പാലിച്ച്കൊണ്ട് ബൈഅ ത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കി യഥാർഥ വിശ്വാസികളിൽ ഉൾപ്പെടാൻ നാം പരിശ്രമിക്കേണ്ടതാണ്. എപ്പോഴും നാം മുന്നിൽ വെക്കേണ്ട കാര്യം നമുക്ക് സന്മാർഗ്ഗം നൽകിയ നബിയിൽ വിശ്വ

സിക്കുന്നവരാണ് നാം. നല്ലതും ചീത്തയും തിരിച്ചറിയാൻ അദ്ദേഹം നമ്മെ പഠിപ്പിച്ചു. എന്നാൽ അതിന് ശേഷവും നാം ഭൗതികതയിൽ ലയിച്ച്കൊണ്ട് അനാചാരങ്ങളുടെയും അനാവശ്യകാര്യങ്ങളുടെയും കുരുക്കുകൾ കഴുത്തിലിടുകയാണെങ്കിൽ ആരാധനയുടെ കടമകൾ പൂർത്തിയാക്കാനോ പ്രകാശിതരാകാനോ നമുക്ക് സാധിക്കുകയില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു റസൂൽ (സ)നെക്കുറിച്ച് ഇപ്രകാരം പറയുന്നു.

يَأْمُرُهُمْ بِالْمَعْرُوفِ وَيَنْهٰهُمْ عَنِ الْمُنْكَرِ وَيُحِلُّ لَهُمُ الطَّيِّبٰتِ وَيُحَرِّمُ عَلَيْهِمُ الْخَبٰٓئِثَ وَيَضَعُ عَنْهُمْ اِصْرَهُمْ وَالْاَغْلٰلَ الَّتِيْ كَانَتْ عَلَيْهِمْ ؕ (7:158)

*അദ്ദേഹം അവരോട് നല്ല കാര്യങ്ങൾ കൽപിക്കുകയും നിഷിദ്ധകാര്യങ്ങൾ വിലക്കുകയും നല്ല വസ്തുക്കൾ അദ്ദേഹം അവർക്ക് അനുവദിക്കുകയും ചീത്ത വസ്തുക്കൾ അവർക്ക് നിഷിധമാക്കുകയും അവരിൽ നിന്ന് അവരുടെ ഭാരവും അവരുടെ മേൽ ഉണ്ടായിരുന്ന കുരുക്കുകളും അകറ്റുകയും ചെയ്യുന്നു.*

മുൻ കഴിഞ്ഞ സമുദായങ്ങളുടെ കഴുത്തിൽ ഉണ്ടായിരുന്ന കുരുക്കുകൾ കാരണം അവർ ദീനിനെ മറന്ന് വികാരവിചാരങ്ങ ളുടെ അടിമകളായി. യഹൂദികളുടെയും ക്രിസ്താനികളുടെയും കഴുത്തുകളിൽ ഈ കുരുക്കുകളാണ് ഉണ്ടായിരുന്നത്. ഇന്ന് അത് മുസ്‌ലിംകളിലും കണ്ടു വരുന്നു. എന്നാൽ നമ്മിലും അതുണ്ടാ യാൽ റസൂൽ(സ)ന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുമെന്ന പ്രതിജ്ഞ നമുക്കെങ്ങനെ നിറവേറ്റാൻ സാധിക്കും? ഈ കുരുക്കുകൾ നാം ഊരിവലിച്ചെറിയേണ്ടിയിരിക്കുന്നു. നമുക്ക് നിഷിദ്ധവും അനുവദനീയവുമായ കാര്യങ്ങൾ പറഞ്ഞുതന്ന, മതപരമായ ഒരുപാട് തെറ്റിദ്ധാരണകളുടെ കുരുക്കുകളിൽ നിന്ന് നമ്മെ രക്ഷിച്ച നബിയിൽ വിശ്വസിച്ചവരാണ് നാം. എന്നാൽ അഹ്മദികളായ നാം മസീഹ് മൗഊദ്(അ)ന് ബൈഅത്ത് ചെയ്തതിന് ശേഷം ഈ യഥാർഥ്യം വീണ്ടും മനസ്സിലാക്കുകയും ഈ കുരുക്കുകളിൽ നിന്ന് എങ്ങനെ രക്ഷപ്പെടാമെന്ന് മനസ്സിലാക്കിയവരുമാണ്. അല്ലാഹുവിന്റെ ഒരു ഔദാര്യത്താൽ കബറുകളിൽ പോയി സുജൂദ് ചെയ്യുന്നതിൽ നിന്ന് നാം രക്ഷപ്പെട്ടിരിക്കുന്നു. ചിലയിടങ്ങളിൽ ഒന്ന് രണ്ട് പരാതികൾ ലഭിക്കാറുണ്ടെങ്കിലും പൊതുവായി എല്ലാവിധ അനാചാരങ്ങളിൽ

നിന്നും നാം രക്ഷപ്പെട്ടവരാണ്. ചിലത് നമ്മിലും കടന്നു കൂടി യിരിക്കുന്നു. എന്നാൽ നിയന്ത്രണമില്ലാത്ത അവസ്ഥ നമ്മിലുണ്ടാ യാൽ ഈ കുരുക്കുകൾ നമ്മുടെ കഴുത്തിലും വീഴു ന്നതായിരിക്കും. റസൂൽ(സ) നമ്മിൽ നിന്നകറ്റിയ കുരുക്കുകളിൽ നിന്ന് രക്ഷപ്പെടാനാ യി വീണ്ടും മസീഹ് മൗഊദ്(അ) നമ്മെ ഉപദേശിച്ചു. ഇത്തരം കുരുക്കുകൾ നമ്മെ ദീനിൽ നിന്നും വിദൂരത്തിലാക്കുകയും നമ്മെ ജമാഅത്തിൽ നിന്നു തന്നെ പുറന്തള്ളുകയും ചെയ്യും. പ്രകാശ ത്തിൽ നിന്ന് ഭാഗഭാക്കാകുന്നവർക്ക് മാത്രമേ ജമാഅത്തിൽ നില നിൽക്കാൻ സാധിക്കുകയുള്ളൂ. അല്ലാഹുവുമായും റസൂലുമായും ഖുർആനുമായും തങ്ങളെ ബന്ധിപ്പിക്കുന്നവർക്ക് മാത്രമേ ജമാഅ ത്തിൽ നിലനിൽക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യങ്ങളുമായി ബന്ധമില്ലാത്തവർ പ്രകാശത്തിൽ പങ്കാളികളാകുന്നതല്ല. ക്രമേണ വിശ്വാസത്തിൽ നിന്നും അവർ അകന്നുപോവുന്നതായിരിക്കും. അതുകൊണ്ട് തന്നെ നാം നമ്മെക്കുറിച്ച് ആത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. നബി(സ)സ്വയംതന്നെ ഒരു പ്രകാശമാ യിരുന്നു. ആകാശത്തിൽ നിന്നുള്ള പരിപൂർണ്ണ പ്രകാശവും അങ്ങയിലിറങ്ങി. നാം ഇപ്രകാരം ദുആ ചെയ്യേണ്ടിയിരിക്കുന്നു; അല്ലാഹുവേ, എന്റെ ഹൃദയവും മറ്റ് അവയവങ്ങളും പ്രകാശി തമാക്കേണമേ. ഈ പ്രാർഥന നമുക്ക് വേണ്ടിയാണ് പഠിപ്പിച്ചു തന്നത്. എല്ലായ്പ്പോഴും നമ്മുടെ വിചാരങ്ങളും അവയവങ്ങ ളും മനസ്സിനും ശരീരത്തിലെ എല്ലാ ഭാഗങ്ങളും അല്ലാഹുവിന്റെ അധ്യാപനങ്ങൾക്കനുസരിച്ച് പ്രവൃത്തിപ്പിക്കാൻ ശ്രമിക്കുക. അതിന്നായി ദുആ ചെയ്യുകയും വേണം. എപ്പോഴും പരിശുദ്ധ ചിന്താഗതിക്കാരും ശുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നവരുമായി രിക്കണം. നമുക്ക് നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്താനും അല്ലാഹുവിന്റെയും റസൂലിന്റെയും വാക്കുകൾക്കനുസരിച്ച് പ്ര വർത്തിക്കുവാനും അനാചാരങ്ങളിൽ നിന്ന് രക്ഷപ്പെടുന്നവരാകാ നും ഭൗതികമായ വികാരവിചാരങ്ങളിൽ നിന്നും അക്രമങ്ങളിൽ നി ന്നും പിന്മാറുന്നവരാകാനും അല്ലാഹുവിന്റെ പ്രകാശത്തിൽ പങ്കാ ളികളാകാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ

*(വിവർത്തനം:*
*ടി.എം.അബ്ദുൽ മുജീബ് & എൻ.ശഫീഖ് അഹ്മദ് )*